# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## മഞ്ഞപ്ര ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030

ഇ-മെയിൽ: doekm.ksad@kerala.gov.in
ഫോൺ : 0484-2422271

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ഇ.കെ.എം(പി 4) 1810/21

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030
തീയ്യതി: 05/04/2022
ഇ-മെയിൽ:
doekm.ksad@kerala.gov.in
ഫോൺ: 0484-2422271

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മഞ്ഞപ്ര ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : മഞ്ഞപ്ര ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മഞ്ഞപ്ര ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ഇ.കെ.എം(പി 4) 1810/21 തീയ്യതി: 05/04/2022

## എറണാകുളം ജില്ലയിലെ മഞ്ഞപ്ര ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

**(1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4))** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ മഞ്ഞപ്ര ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2019 മുതൽ 31-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 21 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 17 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.ഷാജിമോൻ കെ.എ | ഡെപ്യൂട്ടി ഡയറക്ടർ | 18-11-2021 | 02-12-2021 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 18-11-2021 | 02-12-2021 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീ.പോളി ടി.ഒ ഓഡിറ്റ് ഓഫീസർ
ശ്രീ.ഗോപകുമാർ എം.എസ്. അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ. സന്തോഷ് കുമാർ എം. സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ. ഷഹീർ എസ്. സീനിയർ ഗ്രേഡ് ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.ചെറിയാൻ തോമസ് | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ശ്രീ.അബ്ദുൾ ഹക്കീം | സെക്രട്ടറി | 01-04-2019 | 31-03-2020 |

| | | | |
|---|---|---|---|
| യു. | | | |

**നിർവ്വഹണഉദ്യോഗസ്ഥർ**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.നൈറ്റോ ബേബി അരീക്കൽ | അസി.സെക്രട്ടറി | 01-04-2019 | 31-03-2020 |
| ശ്രീമതി. ഷീന വർഗ്ഗീസ് | വി.ഇ.ഒ. | 01-04-2019 | 08-07-2019 |
| ശ്രീമതി.ലിസ്സി കെ.പി. | വി.ഇ.ഒ. | 09-07-2019 | 31-03-2020 |
| ശ്രീമതി.സ്മിത കെ. ശശീന്ദ്രൻ | വി.ഇ.ഒ. | 01-04-2019 | 08-07-2019 |
| ശ്രീമതി.അമ്പിളി കെ.എം. | വി.ഇ.ഒ. | 09-07-2019 | 31-03-2020 |
| ശ്രീമതി.ഗീത ആർ. ചന്ദ്രൻ | കൃഷി ഓഫീസർ | 01-04-2019 | 31-03-2020 |
| ശ്രീമതി. നസീമ കെ.ഇ. | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2019 | 09-12-2019 |
| ശ്രീമതി.സൈനബ | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 10-12-2019 | 31-03-2020 |
| ശ്രീ.അരുൺ കുമാർ കെ,എസ് | അസി.എൻജിനീയർ | 01-04-2019 | 31-03-2020 |
| ശ്രീമതി. ദീപ്തി എസ്.ആർ | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 01-04-2019 | 31-03-2020 |
| ശ്രീമതി.ചിത്ര വേലായുധൻ | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2019 | 31-03-2020 |
| ഡോ.സൈലേഷ് കുമാർ | വെറ്ററിനറി സർജൻ | 01-04-2019 | 07-08-2019 |
| ഡോ.രജിതാ പി. | വെറ്ററിനറി സർജൻ | 08-08-2019 | 31-03-2020 |
| ഡോ.ലിജാ ദിവാകരൻ | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 01-04-2019 | 31-03-2020 |
| ശ്രീമതി. സിജി.എം.ആർ | ഹെഡ് മിസ്ട്രസ് | 01-04-2019 | 07-06-2019 |
| ശ്രീ.സേവ്യർ പി.ജി. | ഹെഡ് മാസ്റ്റർ | 08-06-2019 | 11-12-2019 |
| ശ്രീമതി. പ്രവിതാ പ്രഭു | ഹെഡ് മിസ്ട്രസ് | 12-12-2019 | 19-02-2020 |
| ശ്രീമതി.രമണി പി.പി | ഹെഡ് മിസ്ട്സ് | 20-02-2020 | 31-03-2020 |
| ശ്രീ.ഗോപകുമാർ എ. | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2019 | 09-08-2019 |
| | | 10-08-2019 | 31-03-2020 |

| | | | |
|---|---|---|---|
| ശ്രീ.സുനിൽകുമാർ | ഡയറി ഫാം ഇൻസ്ട്രക്ടർ | | |

-

**ഉള്ളടക്കം**



| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: M.S.Gopakumar (Asst. Audit Officer, On 28-11-2021)<br>Last Updated By: Raj N.C (Computer Assistant, On 15-02-2022) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക<br>Written By: M.S.Gopakumar (Asst. Audit Officer, On 28-11-2021)<br>Last Updated By: Raj N.C (Computer Assistant, On 15-02-2022) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: M.S.Gopakumar (Asst. Audit Officer, On 28-11-2021)<br>Last Updated By: Raj N.C (Computer Assistant, On 07-03-2022) | 1-3 |
| 4 | ഫണ്ട് വിനിയോഗം 2019-2020<br>Written By: M.S.Gopakumar (Asst. Audit Officer, On 28-11-2021)<br>Last Updated By: Raj N.C (Computer Assistant, On 15-02-2022) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: M.S.Gopakumar (Asst. Audit Officer, On 28-11-2021)<br>Last Updated By: Raj N.C (Computer Assistant, On 15-02-2022) | 1-5 |
| 6 | മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി<br>Written By: M.S.Gopakumar (Asst. Audit Officer, On 28-11-2021)<br>Last Updated By: Raj N.C (Computer Assistant, On 15-02-2022) | 1-6 |
| 7 | ക്യാഷ് ബാലൻസ് പരിശോധന<br>Written By: M.S.Gopakumar (Asst. Audit Officer, On 28-11-2021)<br>Last Updated By: Raj N.C (Computer Assistant, On 15-02-2022) | 1-7 |
| 8 | ക്ഷേമ പദ്ധതികൾ<br>Written By: M.S.Gopakumar (Asst. Audit Officer, On 28-11-2021)<br>Last Updated By: Raj N.C (Computer Assistant, On 15-02-2022) | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണം<br>Written By: M.S.Gopakumar (Asst. Audit Officer, On 28-11-2021)<br>Last Updated By: Raj N.C (Computer Assistant, On 07-03-2022) | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ സംബന്ധിച്ച്<br>Written By: M.S.Gopakumar (Asst. Audit Officer, On 28-11-2021)<br>Last Updated By: Raj N.C (Computer Assistant, On 15-02-2022) | 1-10 |
| 11 | വെറ്ററിനറി സർജൻ ഉപയോഗിച്ച മാനുവൽ രസീത് - അപാകതകൾ പരിഹരിക്കേണ്ടതാണ്<br>Written By: Sheheer (Senior Grade Auditor, On 02-12-2021)<br>Last Updated By: Raj N.C (Computer Assistant, On 07-03-2022) | 1-11 |
| 12 | ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് - കൂടുതൽ സ്ഥാപനങ്ങളെ ലൈസൻസ് പരിധിയിൽ കൊണ്ടുവരേണ്ടതാണ്<br>Written By: Sheheer (Senior Grade Auditor, On 02-12-2021)<br>Last Updated By: Raj N.C (Computer Assistant, On 07-03-2022) | 1-12 |
| 13 | പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മുഴുവൻ സ്ഥാപനങ്ങൾക്കും ലൈസൻസ് നൽകിയിട്ടില്ല<br>Written By: Sheheer (Senior Grade Auditor, On 02-12-2021)<br>Last Updated By: Raj N.C (Computer Assistant, On 15-02-2022) | 1-12-1 |
| 14 | ഉറവിട മാലിന്യ സംസ്കരണത്തിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് ഉറപ്പാക്കാതെ ലൈസൻസ് അനുവദിച്ചിരിക്കുന്നു<br>Written By: Sheheer (Senior Grade Auditor, On 02-12-2021)<br>Last Updated By: Raj N.C (Computer Assistant, On 15-02-2022) | 1-12-2 |
| 15 | കശാപ്പുശാലകൾക്കും ഇറച്ചിക്കടകൾക്കും ലൈസൻസ് നിർബന്ധമാക്കണം<br>Written By: Sheheer (Senior Grade Auditor, On 02-12-2021)<br>Last Updated By: Raj N.C (Computer Assistant, On 15-02-2022) | 1-12-3 |
| 16 | റേഷൻ കടകൾ, കള്ള്ഷാപ്പുകൾ, ക്ഷീരോൽപാദക സഹകരണ സംഘങ്ങൾ എന്നിവയ്ക്ക് ലൈസൻസ് നൽകേണ്ടതാണ്<br>Written By: Sheheer (Senior Grade Auditor, On 02-12-2021)<br>Last Updated By: Raj N.C (Computer Assistant, On 15-02-2022) | 1-12-4 |

| | | |
|---|---|---|
| 17 | വൈദ്യുതികൊണ്ട് പ്രവർത്തിക്കുന്ന യന്ത്രസാമഗ്രിയോ നിർമ്മാണ യന്ത്രമോ ഉപയോഗിക്കുന്ന സ്ഥലത്തിന് ഫീസ് ഈടാക്കിയിട്ടില്ല<br>Written By: Sheheer (Senior Grade Auditor, On 02-12-2021)<br>Last Updated By: Raj N.C (Computer Assistant, On 15-02-2022) | 1-12-5 |
| 18 | തൊഴിൽ നികുതി പിരിവ് കാര്യക്ഷമമാക്കേണ്ടതാണ്<br>Written By: Sheheer (Senior Grade Auditor, On 02-12-2021)<br>Last Updated By: Raj N.C (Computer Assistant, On 07-03-2022) | 1-13 |
| 19 | സ്ഥാപനങ്ങളുടെ ഡാറ്റാ ബേസ് നിലവിലില്ല<br>Written By: Sheheer (Senior Grade Auditor, On 02-12-2021)<br>Last Updated By: Raj N.C (Computer Assistant, On 07-03-2022) | 1-13-1 |
| 20 | ലൈസൻസ് അനുവദിച്ചിട്ടുള്ള സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല<br>Written By: Sheheer (Senior Grade Auditor, On 02-12-2021)<br>Last Updated By: Raj N.C (Computer Assistant, On 15-02-2022) | 1-13-2 |
| 21 | റേഷൻ കട നടത്തിപ്പുകാർ, പഞ്ചായത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് ചെയ്യുന്ന കരാറുകാർ എന്നിവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല<br>Written By: Sheheer (Senior Grade Auditor, On 02-12-2021)<br>Last Updated By: Raj N.C (Computer Assistant, On 15-02-2022) | 1-13-3 |
| 22 | ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല<br>Written By: Sheheer (Senior Grade Auditor, On 02-12-2021)<br>Last Updated By: Raj N.C (Computer Assistant, On 07-03-2022) | 1-13-4 |
| 23 | സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല<br>Written By: Sheheer (Senior Grade Auditor, On 02-12-2021)<br>Last Updated By: Raj N.C (Computer Assistant, On 15-02-2022) | 1-13-5 |
| 24 | വിവിധ പദ്ധതി പ്രകാരം നിയമിച്ചിട്ടുള്ള ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല<br>Written By: Sheheer (Senior Grade Auditor, On 02-12-2021)<br>Last Updated By: Raj N.C (Computer Assistant, On 15-02-2022) | 1-13-6 |
| 25 | സ്ഥാപനങ്ങളിലെ മുഴുവൻ ജീവനക്കാരുടെയും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല<br>Written By: Sheheer (Senior Grade Auditor, On 02-12-2021)<br>Last Updated By: Raj N.C (Computer Assistant, On 15-02-2022) | 1-13-7 |
| 26 | വാടക ഈടാക്കാത്തത് സംബന്ധിച്ച്<br>Written By: T.O.Polly (Audit Officer, On 02-12-2021)<br>Last Updated By: Raj N.C (Computer Assistant, On 07-03-2022) | 1-14 |
| 27 | പെർമിറ്റ് എടുക്കാതെ കെട്ടിടം പണിത് ഉപയോഗിക്കുന്നു<br>Written By: T.O.Polly (Audit Officer, On 02-12-2021)<br>Last Updated By: Raj N.C (Computer Assistant, On 15-02-2022) | 1-15 |
| 28 | വെറ്ററിനറി സർജൻ നടപ്പിലാക്കിയ പദ്ധതി- അപാകതകൾ<br>Written By: Santhosh Kumar M (Auditor, On 02-12-2021)<br>Last Updated By: Raj N.C (Computer Assistant, On 07-03-2022) | 1-16 |
| 29 | ക്യാൻസർ വിമുക്ത എറണാകുളം-പദ്ധതി സംബന്ധിച്ച്<br>Written By: Santhosh Kumar M (Auditor, On 02-12-2021)<br>Last Updated By: Raj N.C (Computer Assistant, On 17-02-2022) | 1-17 |
| 30 | ഭിന്നശേഷിക്കാർക്ക് കലാമേള- അപാകതകൾ<br>Written By: Santhosh Kumar M (Auditor, On 02-12-2021)<br>Last Updated By: Raj N.C (Computer Assistant, On 07-03-2022) | 1-18 |
| 31 | സാമൂഹ്യ ക്ഷേമപെൻഷൻ- അപാകതകൾ<br>Written By: Santhosh Kumar M (Auditor, On 03-12-2021)<br>Last Updated By: Raj N.C (Computer Assistant, On 17-02-2022) | 1-19 |
| 32 | തൊഴിലുറപ്പ് പദ്ധതി - കരാറുകാരനിൽ നിന്ന് ജി.എസ്.ടി.- ടി.ഡി.എസ്. കുറവു ചെയ്തില്ല.<br>Written By: Santhosh Kumar M (Auditor, On 02-12-2021)<br>Last Updated By: Raj N.C (Computer Assistant, On 07-03-2022) | 1-20 |
| 33 | പ്രവൃത്തിയുടെ ലക്ഷ്യം വ്യക്തമല്ല<br>Written By: T.O.Polly (Audit Officer, On 02-12-2021)<br>Last Updated By: Raj N.C (Computer Assistant, On 07-03-2022) | 1-21 |
| 34 | കുഴിച്ചെടുത്ത മണ്ണിന്റെ വിനിയോഗം ലഭ്യമല്ല.<br>Written By: T.O.Polly (Audit Officer, On 02-12-2021)<br>Last Updated By: Raj N.C (Computer Assistant, On 08-03-2022) | 1-22 |
| 35 | കെൽട്രോണിൽ അടച്ച തുകയ്ക്കുള്ള പ്രിന്റർ ലഭിച്ചില്ല - ചെലവ് | 1-23 |

| | | |
|---|---|---|
| | തടസ്സപ്പെടുത്തുന്നു.<br>Written By: M.S.Gopakumar (Asst. Audit Officer, On 03-12-2021)<br>Last Updated By: Raj N.C (Computer Assistant, On 07-03-2022) | |
| 36 | ഡെപ്പോസിറ്റ് പ്രവൃത്തികൾ- വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല- ചെലവ് തുക തടസ്സപ്പെടുത്തുന്നു.<br>Written By: M.S.Gopakumar (Asst. Audit Officer, On 03-12-2021)<br>Last Updated By: Raj N.C (Computer Assistant, On 17-02-2022) | 1-24 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| --- No Records Found --- | | |
| **ഭാഗം 4** | | |
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയ വിവരം<br>Written By: M.S.Gopakumar (Asst. Audit Officer, On 28-11-2021)<br>Last Updated By: Raj N.C (Computer Assistant, On 15-02-2022) | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: M.S.Gopakumar (Asst. Audit Officer, On 28-11-2021)<br>Last Updated By: Raj N.C (Computer Assistant, On 07-03-2022) | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: M.S.Gopakumar (Asst. Audit Officer, On 28-11-2021)<br>Last Updated By: Raj N.C (Computer Assistant, On 07-03-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്<br>Written By: M.S.Gopakumar (Asst. Audit Officer, On 28-11-2021)<br>Last Updated By: Raj N.C (Computer Assistant, On 17-02-2022) | 4-4 |
| 5 | വായ്പ/ വായ്പ തിരിച്ചടവ്<br>Written By: M.S.Gopakumar (Asst. Audit Officer, On 28-11-2021)<br>Last Updated By: Raj N.C (Computer Assistant, On 07-03-2022) | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ<br>Written By: M.S.Gopakumar (Asst. Audit Officer, On 28-11-2021)<br>Last Updated By: Raj N.C (Computer Assistant, On 17-02-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: M.S.Gopakumar (Asst. Audit Officer, On 28-11-2021)<br>Last Updated By: Raj N.C (Computer Assistant, On 07-03-2022) | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.<br>Written By: M.S.Gopakumar (Asst. Audit Officer, On 28-11-2021)<br>Last Updated By: Raj N.C (Computer Assistant, On 08-03-2022) | 4-8 |
| 9 | ചാർജ് / സർചാർജ് നടപടികളുടെ വിവരം<br>Written By: M.S.Gopakumar (Asst. Audit Officer, On 28-11-2021)<br>Last Updated By: Raj N.C (Computer Assistant, On 18-02-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: M.S.Gopakumar (Asst. Audit Officer, On 28-11-2021)<br>Last Updated By: Raj N.C (Computer Assistant, On 07-03-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: M.S.Gopakumar (Asst. Audit Officer, On 06-12-2021)<br>Last Updated By: Raj N.C (Computer Assistant, On 07-03-2022) | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

2019-20 വർഷത്തെ ബജറ്റ് 19-03-19 തീയതിയിൽ നടന്ന സാധാരണ യോഗത്തിലെ 1(1) നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റ് 31-01-2020 തീയതിയിൽ നടന്ന സാധാരണ യോഗത്തിലെ 3-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു.

2019-2020 പുതുക്കിയ ബജറ്റ് പ്രകാരം

| പ്രാരംഭ ബാക്കി | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|
| 55,27,586 | 21,22,84,591 | 21,78,12,177 | 21,52,33,666 | 25,78,511 |

ബജറ്റ് പ്രകാരമുള്ള വരവ് -ചെലവും, 2019 – 2020 വാർഷിക ധനകാര്യപത്രികയിലെ ഇൻകം & എക്സ് പെൻഡിച്ചർ പത്രിക പ്രകാരമുള്ള വരവ്- ചെലവും തമ്മിൽ ഗണ്യമായ വ്യത്യാസം കാണുന്നു.

| | 2019-2020 പുതുക്കിയ ബജറ്റ് പ്രകാരം | 2019-2020 വാർഷിക ധനകാര്യപത്രിക ( ഇൻകം & എക്സ് പെൻഡിച്ചർ) പ്രകാരം | വ്യത്യാസം |
|---|---|---|---|
| വരവ് | 21,22,84,591 | 7,04,88,972 | (-)14,17,95,619 |
| ചെലവ് | 21,52,33,666 | 7,32,57,153 | (-)14,19,76,513 |

ബജറ്റ് പ്രകാരമുള്ള വരവും, വാർഷിക ധനകാര്യപത്രികയിലെ തൻവർഷ വരവും തമ്മിൽ 14.18 കോടി രൂപയുടെയും, ബജറ്റ് പ്രകാരമുള്ള ചെലവും, വാർഷിക ധനകാര്യപത്രികയിലെ തൻവർഷ ചെലവും തമ്മിൽ 14.20കോടി രൂപയുടെയും വ്യത്യാസമുണ്ട്.

വിവിധ നികുതി-നികുതിയേതര വരവുകളിൽ ബജറ്റും, യഥാർത്ഥ വരവും തമ്മിൽ ഗണ്യമായ വ്യത്യാസം ഇല്ലെങ്കിലും, വായ്പായിനത്തിലും, സംസ്ഥാനാവിഷ്കൃതഗ്രാന്റിനത്തിലും പ്രതീക്ഷിത വരുമാനത്തിൽനിന്നും വളരെ കുറവാണ് യഥാർത്ഥവരവ് . ഇതുമൂലമാണ് ബജറ്റിലെ വരവ് കണക്കുകളുമായി യഥാർത്ഥ വരവിന് വലിയ വ്യത്യാസം വന്നിരിക്കുന്നത് എന്ന് വ്യക്തമാകുന്നു. ബജറ്റ് തയ്യാറാക്കുമ്പോൾ പ്രതീക്ഷിത വരവ് യുക്തിസഹവും, യഥാർത്ഥ്യവുമാകാൻ ശ്രദ്ധിക്കേണ്ടതാണ്.

### 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2020 | 12.05.2020 | - | - |

<u>വാർഷിക ധനകാര്യപത്രികകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു:-</u>

1. വസ്തുനികുതിയുടെ സഞ്ചയ പ്രകാരമുള്ള ഡി.സി.ബി വാർഷിക ധനകാര്യ പത്രികയിലെ കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

2. സ.ഉ.(എം.എസ്.)152/2011/തസ്വഭവ/26.7.11 പ്രകാരം ഭൂമിയുൾപ്പെടെയുള്ള ആസ്തികൾ അക്കൗണ്ട് ചെയ്ത് ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തി വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുത്തിയിട്ടില്ല. ആസ്തികൾ രേഖപ്പെടുത്തുന്ന സചിത്ര സോഫ്റ്റ്‌വെയർ സാംഖ്യയുമായി ലിങ്ക് ചെയ്തിട്ടില്ല. ആസ്തികളുടെ അക്കൗണ്ടിംഗ് പൂർത്തിയാക്കാത്തതിനാൽ പഞ്ചായത്ത് ഫണ്ടിന്റെ കൃത്യത ഉറപ്പാക്കുവാൻ സാധിക്കുന്നില്ല.
3. വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങളും കുറിപ്പുകളും ഉൾപ്പെടുത്തിയിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011,ചട്ടം 62 (എഫ്).

4. പുതിയതായി സൃഷ്ടിക്കപ്പെടുന്ന ആസ്തികൾ അതിന്റെ യഥാർത്ഥ മൂല്യത്തോടെയും, ചട്ടത്തിൽ നിഷ്കർഷിക്കുന്ന ഡിപ്രിസിയേഷൻ നല്കിയും ആസ്തി രജിസ്റ്ററിൽ ചേർത്തിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

### 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 90,02,634 |
| വരവ് | 4,98,54,619 |
| ആകെ | 5,88,57,253 |
| ചെലവ് | 5,14,13,468 |
| നീക്കിയിരിപ്പ് | 74,43,785 |
| വരവ് നഷ്ടം | ഇല്ല |
| ചെലവ് നഷ്ടം | ഇല്ല |
| തടസ്സപ്പെടുത്തിയ തുക | 4,51,742 |

### 1-4 ഫണ്ട് വിനിയോഗം 2019-2020

| ഫണ്ടിനം | മുന്നിരിപ്പ് | അലോട്ട്മെന്റ് പ്രകാരം വരവ് | ആകെ | ചെലവ് | നീക്കി യിരുപ്പ് | ചെലവഴി ക്കാതെ ലാപ്സായ തുക |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 8314205 | 8314205 | 6811657 | 0 | 1502548 |
| വികസന ഫണ്ട്(എസ്.സി.പി) | 0 | 3346294 | 3346294 | 765495 | 0 | 2580799 |
| വികസനഫണ്ട്(ടി.എസ്.പി) | 0 | 79000 | 79000 | 0 | 0 | 79000 |
| സംരക്ഷണ ഗ്രാന്റ് (റോഡ് ) | 0 | 36582000 | 36582000 | 15338792 | 0 | 21243208 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 3251000 | 3251000 | 2750818 | 0 | 500182 |
| ധനകാര്യ കമ്മീഷൻ അവാർഡ് (Untied) | 0 | 5416335 | 5416335 | 2321445 | 0 | 3094890 |
| **കേന്ദ്രാവിഷ്കൃതഫണ്ട്-** | | | | | | |
| എൻ.ആർ.ഇ.ജി.എസ് 320 100 101-Admin.Exp | 3282 | 1111044 | 1114326 | 1112552 | 1774 | |
| EFMS | 0 | 13503941 | 13503941 | 13503941 | 0 | |
| ICDS- 320 100 121 | 412464 | 515983 | 928447 | 599744 | 328703 | |
| **സംസ്ഥാനാവിഷ്കൃതഫണ്ട്-** | | | | | | |
| 320 200 322 ശുചിത്വ മിഷൻ ഫണ്ട് | 629400 | 0 | 629400 | 529178 | 100222 | |
| 320 300 199 വിമുക്തി | 16300 | 3000 | 19300 | 16300 | 3000 | |
| 320 300 103 സമ്പൂർണ്ണ ശുചിത്വം -MCF | 618695 | 0 | 618695 | 618695 | 0 | |

| ഫണ്ടിനം | അലോട്ട്മെന്റ് പ്രകാരം വരവ് | ചെലവ് | ചെലവഴിക്കാതെ ലാപ്സായ തുക | ചെലവഴിക്കാതെ ലാപ്സായ തുകയുടെ ശതമാനം |
|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 8314205 | 6811657 | 1502548 | 18.07% |
| വികസന ഫണ്ട്(എസ്.സി.പി) | 3346294 | 765495 | 2580799 | 77.12 % |
| വികസനഫണ്ട്(ടി.എസ്.പി) | 79000 | 0 | 79000 | 100 % |
| സംരക്ഷണ ഗ്രാന്റ് (റോഡ് ) | 36582000 | 15338792 | 21243208 | 58.07 % |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 3251000 | 2750818 | 500182 | 15.39% |
| ധനകാര്യ കമ്മീഷൻ അവാർഡ് (Untied) | 5416335 | 2321445 | 3094890 | 57.14 % |

*മെയിന്റനൻസ് ഗ്രാന്റ് ( റോഡ് ) ഇനത്തിൽ ACR പ്രകാരമുള്ള ചെലവും, AFS പ്രകാരമുള്ള ചെലവും തമ്മിൽ 71,35,692/- രൂപയുടെ വ്യത്യാസമുണ്ട്. ഇതിന് കാരണം ഇത്രയും തുകയ്ക്കുള്ള ബില്ലുകൾ 2019 മാർച്ച് മാസം ട്രഷറിയിൽ സമർപ്പിച്ചെങ്കിലും Queue ബില്ലിൽ ആയതാണ്. മാർച്ച് അവസാനം വരെ കാത്തിരുന്ന് പ്രവൃത്തികൾ ചെയ്ത് ബില്ലുകൾ സമർപ്പിച്ചതിനാലാണ് ഇത്തരത്തിൽ ഭീമമായ തുക Queue Bill ആയിപ്പോകുകയും, ചെലവ് ശതമാനം 50% ൽ താഴെപ്പോകുകയും ചെയ്തത്.

**2019-20 സാമ്പത്തിക വർഷം ബജറ്റ് പ്രകാരം പഞ്ചായത്തിന് അലോട്ട് ചെയ്ത ഗ്രാന്റുകളിൽ വികസനഫണ്ട് ( ജനറൽ), മെയിന്റനൻസ് ഗ്രാന്റ് ( റോഡിതരം ) എന്നീ ഇനങ്ങളിലൊഴിച്ച് ബാക്കി എല്ലാ ഫണ്ടിനങ്ങളിലും അൻപത് ശതമാനത്തിലധികം തുകയും ലാപ്സാകുകയാണുണ്ടായത്. കോവിഡ് -19 ന്റെ പ്രത്യേകസാഹചര്യത്തിലാണ് ഇങ്ങനെയുണ്ടായത് എന്ന് സാമാന്യേന പറയാമെങ്കിലും, കോവിഡ് -19 ലോക്ക് ഡൗൺ നിയന്ത്രണങ്ങൾ ആരംഭിച്ചത് 2020 മാർച്ച് മധ്യവാരം മുതലാണ്. 2019 2020 സാമ്പത്തികവർഷം പദ്ധതി ആസൂത്രണനടപടി ക്രമം ആരംഭിക്കുന്നത് 2019 മാർച്ച് മുതലാണ്. 2019 ഏപ്രിൽ മുതൽ 2019 ജൂൺ വരെയുള്ള കാലയളവിൽത്തന്നെ പദ്ധതികൾക്ക് ജില്ലാ ആസൂത്രണസമിതിയുൾപ്പെടെയുള്ള ഘടകങ്ങളുടെ അംഗീകാരം ലഭിക്കുകയും ചെയ്തിട്ടുണ്ട്. ടെൻഡർ നടപടിക്രമങ്ങൾ 2019 ജൂലൈ മുതൽ 2019 ഒക്ടോബർ വരെയുള്ള കാലയളവിൽ പൂർത്തിയാക്കി മരാമത്ത് പ്രവൃത്തികളുടെ എഗ്രിമെന്റ് വെയ്ക്കുകയും, മരാമത്തിതര പ്രവൃത്തികളുടെ നിർവ്വഹണനടപടിക്രമങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. സ്വാഭാവികമായി 2020 ഫെബ്രുവരി മാസത്തിനകം 70% മേൽ പ്രൊജക്ടുകളും പൂർത്തീകരിക്കാനുള്ള സാഹചര്യം ഉണ്ടായിരുന്നുവെങ്കിലും, മരാമത്ത് ഉൾപ്പെടെയുള്ള ഭൂരിഭാഗം പ്രൊജക്ടുകളുടെയും നിർവ്വഹണം സാമ്പത്തികവർഷാവസാനം വരെ നീട്ടിക്കൊണ്ടുപോയതുകൊണ്ടാകണം പ്രൊജക്ടുകൾ പൂർണ്ണമായി നടപ്പാകാതെ അൻപതുശതമാനത്തിലധികം തുകയും ലാപ്സായിപ്പോയ ഒരു സാഹചര്യമുണ്ടായത്. പദ്ധതി ആസൂത്രണനിർവ്വഹണം സംബന്ധിച്ച് സർക്കാർ നിശ്ചയിച്ചിട്ടുള്ള നിർവ്വഹണകലണ്ടർ കൃത്യമായി പാലിക്കുന്നതിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഭാഗത്തുനിന്നും കാണുന്ന അലംഭാവം ഗ്രാന്റുകൾ ലാപ്സായിപ്പോകുന്നതിന് ഇടവരുത്തുന്നതായി നിരീക്ഷിക്കുന്നു.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ എണ്ണം | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 173 | 85580603 | 105 | 38913071 | 20 | 68 | 85 | 49.13% |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ ഇല്ല. തൻവർഷം അംഗീകാരം കിട്ടിയ പ്രൊജക്ടുകൾ നടപ്പാക്കാൻ സാധിക്കാതെ വന്നത് അടുത്തവർഷം സ്പിൽ ഓവറായി നടപ്പാക്കിയിട്ടുണ്ട്.

വിവിധ നിർവ്വഹണഉദ്യോഗസ്ഥർ നടപ്പിലാക്കിയ പദ്ധതികളുടെ ചെലവിനത്തിൽ ട്രഷറിയിൽ സമർപ്പിച്ച വിവിധ ബില്ലുകൾ തൻവർഷം പണമാക്കാനാവാതെ Queue Bill- കളായി മാറിയിട്ടുണ്ട്.

## 1-6 മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരുപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 3282 | 1111044 | 1114347 | 1112552 | 1774 |
| ഗുണഭോക്താക്കൾക്ക് | 0 | 13503941 | 13503941 | 13503941 | 0 |

| | | | | | |
|---|---|---|---|---|---|
| നേരിട്ട് നൽകുന്നത് | | | | | |
| ആകെ | 3282 | 14614985 | 14618267 | 14616493 | 1774 |

| തൊഴിൽ കാർഡ് നല്കപ്പെട്ടവർ | | | | തൊഴിൽ ആവശ്യപ്പെട്ട വരുടെ എണ്ണം | തൊഴിൽ നല്കപ്പെട്ടവരുടെ എണ്ണം | സൃഷ്ടിക്കപ്പെട്ട തൊഴിൽ ദിനങ്ങൾ | | | | 100 ദിവസം തൊഴിൽ ലഭിച്ചവരുടെ എണ്ണം |
|---|---|---|---|---|---|---|---|---|---|---|
| ജനറൽ | പട്ടികജാതി | പട്ടികവർഗ്ഗം | ആകെ | | | ജനറൽ | പട്ടികജാതി | പട്ടികവർഗ്ഗം | ആകെ | |
| 2358 | 227 | 1 | 2586 | 855 | 787 | 37153 | 3493 | 0 | 40646 | 92 |

100 ദിവസം തൊഴിൽദിനങ്ങൾ പൂർത്തിയാക്കിയ 92തൊഴിലാളികൾക്ക് 1000/- രൂപ വീതം 92,000/- രൂപ 2020-2021 വർഷം നല്കിയിട്ടുണ്ട്.

| | |
|---|---|
| സാങ്കേതികാനുമതി ലഭിച്ച ആകെ പ്രവൃത്തികൾ | 178 |
| പൂർത്തീകരിച്ച ആകെ പ്രവൃത്തികൾ | 158 |

## 1-7 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 24.11.2021 -ന് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 6562/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-8 ക്ഷേമ പദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 2880 | 4 |
| കർഷകതൊഴിലാളി പെൻഷൻ | 412200 | 21 |
| വിധവാപെൻഷൻ | 2580600 | 182 |
| വാർദ്ധക്യ കാലപെൻഷൻ | 6296400 | 1677 |
| വികലാംഗപെൻഷൻ | 870400 | 52 |
| 50 വയസ്സിനു മേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 211800 | 17 |

## 1-9 ആഭ്യന്തരനിയന്ത്രണം

പഞ്ചായത്തിൽ ഫ്രണ്ട് ഓഫീസ് ഡ്യൂട്ടി രജിസ്റ്റർ, ഫ്രണ്ട് ഓഫീസ് ഡയറി എന്നിവ വിവരങ്ങളെല്ലാം ഉൾപ്പെടുത്തി കൃത്യമായി കൈകാര്യം ചെയ്തുപോരുന്നുണ്ട്. ആവശ്യമായ സൗകര്യങ്ങൾ ഫ്രണ്ട് ഓഫീസിൽ നിലവിലുണ്ട്. പഞ്ചായത്തിലെ രജിസ്റ്ററുകളും ഫയലുകളും പൊതുവെ കാര്യക്ഷമമായി കൈകാര്യം ചെയ്ത് വരുന്നു. എന്നിരുന്നാലും താഴെപ്പറയുന്ന കാര്യങ്ങളിൽ ശ്രദ്ധ പതിപ്പിക്കേണ്ടതുണ്ട്.

1. നിർവ്വഹണഉദ്യോഗസ്ഥർക്ക് നല്കുന്ന രസീതുബുക്കുകളിൽ പലതിലും സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട് രേഖപ്പെടുത്തുന്നുണ്ടെങ്കിലും ആയത് സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതാണ്.

2. ഭരണ സമിതി കൈക്കൊള്ളുന്ന തീരുമാനങ്ങൾ നടപ്പാക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനായി ഒരു വാച്ച് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

3. തൊഴിൽ നികുതിയുമായി ബന്ധപ്പെട്ട് സ്ഥാപന രജിസ്റ്റർ , ലൈസൻസുമായി ബന്ധപ്പെട്ട ട്രേഡേഴ്സ് ലിസ്റ്റ് എന്നിവ എഴുതി സൂക്ഷിക്കേണ്ടതാണ്.

ബിൽഡിംഗ് പെർമിറ്റ് രജിസ്റ്ററിൽ ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തുകയോ, വാർഷിക സംക്ഷിപ്തം എഴുതി സാക്ഷ്യപ്പെടുത്തുകയോ ചെയ്യുന്നില്ല.

4. കാലഹരണപ്പെട്ടതും പ്രവർത്തന രഹിതവുമായ ആസ്തികൾക്ക് പ്രത്യേക രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ആസ്തികൾ കയ്യൊഴിയുന്നതുമായി ബന്ധപ്പെട്ട വിവരങ്ങളൊന്നും തന്നെ രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല. തന്മൂലം പഞ്ചായത്തിലെ ആസ്തികളുടെ കൃത്യമായ കണക്ക് വിവരം ലഭ്യമാകുന്നില്ല.

5. തീർപ്പാക്കാൻ ശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുവാനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

മേൽ അപാകതകൾ പരിഹരിച്ച് ആഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, വികസന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവയുടെ സത്വര ശ്രദ്ധ ഈ വിഷയത്തിൽ ക്ഷണിക്കുന്നു.

## 1-10 മറ്റ് ഓഡിറ്റുകൾ സംബന്ധിച്ച്

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 16-10-2021 | 09/2021 | - |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 06-01-2014 | 2012-13 | 2-7-2014 |

## 1-11 വെറ്ററിനറി സർജൻ ഉപയോഗിച്ച മാനുവൽ രസീത് - അപാകതകൾ പരിഹരിക്കേണ്ടതാണ്

വെറ്ററിനറി സർജൻ ഉപയോഗിച്ച മാനുവൽ രസീതുകളുടെ പരിശോധനയിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. വെറ്ററിനറി സർജൻ പരിശോധനയ്ക്ക് ലഭ്യമാക്കിയ കളക്ഷൻ രജിസ്റ്റർ പ്രകാരം 2019-20 വർഷത്തിൽ രസീത് ബുക്ക് നം. 31815, 54653 എന്നിവ ഉപയോഗിച്ച് ഗുണഭോക്തൃ വിഹിതമായി 250000/- രൂപ വീതം പിരിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും പ്രസ്തുത രസീത് ബുക്കുകൾ പരിശോധനയ്ക്ക് നൽകിയിട്ടില്ല.

2. രസീത് പുസ്തകങ്ങളിൽ അതാത് സാമ്പത്തിക വർഷം കഴിഞ്ഞും ഉപയോഗിക്കാത്ത രസീതുകൾ ക്യാൻസൽ ചെയ്ത് സൂക്ഷിച്ചിട്ടില്ല (രസീത് നം. 85-100/54655, 74-100/16523).

3. താഴെ പറയുന്ന രസീതുകൾ പ്രകാരം പിരിച്ച വിവിധ ഇനത്തിലുള്ള തുകകൾ സാംഖ്യയിൽ അതാത് ഹെഡിൽ ഒടുക്ക് വരുത്തുന്നതിന് പകരം ബെനിഫിഷറി കോൺട്രിബ്യൂഷൻ ഹെഡിൽ ഒടുക്കിയതായി കാണുന്നു.

| രസീത് നം./തീയതി | തുക | റിമാർക്സ് |
|---|---|---|
| 58/16522/08.11.2020 | Coast Of Tender Form – 200<br>GST – 24<br>Cess – 2<br>ആകെ - 226/- രൂപ | സാംഖ്യ രസീത് നം. 120020101539/09.11.2020 |
| 59/16522/08.11.2020 | --"-- | |
| 60/16522/08.11.2020 | --"-- | |
| 73/16523/10.03.2021 | ചക്ക വിറ്റ ഇനത്തിൽ 30x34 എണ്ണം = 1020/- രൂപ | സാംഖ്യ രസീത് നം. 121020100467/06.07.2021 |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം.04/23.11.2021 ന് മറുപടി നൽകിയിട്ടില്ല.

**ഓഡിറ്റ് നിർദ്ദേശം**

1. രസീത് ബുക്ക് നം. 31815, 54653 എന്നിവ പരിശോധനയ്ക്ക് നൽകേണ്ടതാണ്.

2. രസീത് പുസ്തകങ്ങളിൽ അതാത് സാമ്പത്തിക വർഷം കഴിഞ്ഞും ഉപയോഗിക്കാത്ത രസീതുകൾ ക്യാൻസൽ ചെയ്ത് സൂക്ഷിക്കേണ്ടതാണ്.

3. മാന്വൽ രസീത് പ്രകാരം പിരിക്കുന്ന തുകകൾ സാംഖ്യയിൽ അതത് ഹെഡുകളിൽ മാത്രം രേഖപ്പെടുത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്.

തുടർ നടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-12 ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് – കൂടുതൽ സ്ഥാപനങ്ങളെ ലൈസൻസ് പരിധിയിൽ കൊണ്ടുവരേണ്ടതാണ്

1996 ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരം 2019-20 വർഷത്തിൽ ലൈസൻസ് അനുവദിച്ചത് ക്രമപ്രകാരമാണോ എന്ന് വിലയിരുത്തുന്നതിനായി ഡിമാന്റ് രജിസ്റ്റർ, അപേക്ഷകൾ എന്നിവ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ താഴെ ചേർക്കുന്നു.

### 1-12-1 പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മുഴുവൻ സ്ഥാപനങ്ങൾക്കും ലൈസൻസ് നൽകിയിട്ടില്ല

പഞ്ചായത്തിലെ നിലവിലെ അസസ്മെന്റ് രജിസ്റ്റർ പ്രകാരം വാണിജ്യാവശ്യത്തിനുള്ള 1451 കെട്ടിടങ്ങൾക്ക് കെട്ടിട നമ്പർ അനുവദിച്ചതായി കാണുന്നു. വിശദാംശം ചുവടെ ചേർക്കുന്നു

| ക്രമ നം. | ഇനം | | എണ്ണം |
|---|---|---|---|
| I | 1 | വാണിജ്യാവശ്യം<br>100 ച. മീറ്റർ വരെ ഹോട്ടൽ, റസ്റ്റോറന്റ്, ഷോപ്പുകൾ, ഗോഡൗൺ | 911 |
| | 2 | 100 ച. മീറ്റർ മുകളിൽ ഹോട്ടൽ, റസ്റ്റോറന്റ്, ഷോപ്പുകൾ, ഗോഡൗൺ | 198 |
| | 3 | 200 ച. മീറ്റർ തറവിസ്തീർണ്ണമുള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാൾ | 5 |
| | 4 | 200 ച. മീറ്ററിന് മുകളിൽ തറവിസ്തീർണ്ണമുള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാൾ | 113 |
| II | 1 | ബങ്കുകൾ, പെട്ടികടകൾ, കമ്പ്യൂട്ടർ സെന്റർ,ഫ്യൂവൽ സ്റ്റേഷൻ | 21 |
| | 2 | ആഫീസ് ആവശ്യത്തിനുള്ളവ | 26 |
| III | അസംബ്ലി കെട്ടിടം, കൺവെൻഷൻ സെന്റർ, ആഡിറ്റോറിയം, സിനിമ തിയേറ്റർ, കല്ല്യാണ മണ്ഡപം, ലോഡ്ജ് | | 17 |
| IV | 1 | വ്യവസായം<br>ചെറുകിട വ്യവസായ സംരംഭങ്ങൾ, കൈത്തറി ഷെഡ്, തടിമില്ല് | 94 |
| | 2 | ഇതര വ്യവസായം | 55 |
| | | സ്വകാര്യ ഹോസ്റ്റൽ , ഹോംസ്റ്റേ | - |
| | | വിദ്യാഭ്യാസ സ്ഥാപനത്തിന്റെ കോമ്പൗണ്ടിൽ വരുന്നതും അതിന്റെ മാത്രം ആവശ്യങ്ങൾക്ക് മാത്രം ഉപയോഗിക്കുന്നതുമായ ഓഡിറ്റോറിയം, കാൻറീൻ, വർക്ക്ഷോപ്പ് | 1 |
| | | മൈക്രോ സ്മാൾ ആൻറ് മീഡിയം എൻറർപ്രൈസസ് ഡെവലപ് മെൻറ് ആക്റ്റ്, 2006 (2006 ലെ 27) പ്രകാരം രജിസ്റ്റർ ചെയ്ത വ്യവസായ യൂണിറ്റുകളുടെ കെട്ടിടങ്ങൾ | 10 |

എന്നാൽ ലൈസൻസ് രജിസ്റ്റർ പ്രകാരം ലൈസൻസ് എടുത്ത് പ്രവർത്തിക്കുന്ന വാണിജ്യസ്ഥാപനങ്ങൾ 281 എണ്ണം മാത്രമാണ്. ഗ്രാമപഞ്ചായത്തിലുള്ള മുഴുവൻ വാർഡുകളിലും ഫീൽഡ് വെരിഫിക്കേഷൻ നടത്തി വാർഡ് അടിസ്ഥാനത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കേണ്ടതും അനുമതിയില്ലാതെ യാതൊരു സ്ഥാപനവും പ്രവർത്തിക്കുന്നില്ലായെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

### 1-12-2 ഉറവിട മാലിന്യ സംസ്കരണത്തിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് ഉറപ്പാക്കാതെ ലൈസൻസ് അനുവദിച്ചിരിക്കുന്നു

സ.ഉ.(സാധാ)നം.2511/2017/തസ്വഭവ തിയതി 22.07.2017 പ്രകാരം ഉറവിട മാലിന്യ സംസ്കരണം ഫലപ്രദമായും കാര്യക്ഷമമായും നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിക്കുവാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സർക്കാർ നിർദ്ദേശം നൽകിയിരുന്നു. ഹോട്ടലുകൾ, ക്ലബ്ബുകൾ, കല്യാണ മണ്ഡപങ്ങൾ, ഹാളുകൾ, ഭക്ഷണശാലകൾ പ്രവർത്തിക്കുന്ന മാളുകൾ, റീട്ടെയിൽ കേന്ദ്രങ്ങൾ, ഷോപ്പിംഗ് കോംപ്ലക്സുകൾ, ഭക്ഷ്യവസ്തുക്കൾ വിൽക്കുന്ന സിനിമാ തിയ്യേറ്ററുകൾ, വസ്ത്രശാലകൾ, പാർട്ടികളുമായി ബന്ധപ്പെട്ട് ഭക്ഷണം വിളമ്പുന്ന സ്ഥലങ്ങൾ, കാറ്ററിംഗ് യൂണിറ്റ്, പച്ചക്കറി-പഴം വിപണന കടകൾ, മത്സ്യം, മാസം എന്നിവ വിൽക്കുന്ന കടകൾ,

കാന്റീനുകൾ, എന്നിവിടങ്ങളിലെല്ലാം മാലിന്യങ്ങൾ തരംതിരിച്ച് ജൈവ മാലിന്യങ്ങൾ വേർതിരിച്ച് ശേഖരിച്ച് ഉറവിടത്തിൽ തന്നെ ഫലപ്രദമായി സംസ്കരിക്കുന്നതിന് ബയോബിൻ, എയ്റോബിക് ബിൻ, ബയോഗ്യാസ് പ്ലാന്റ് പോലുള്ള സംവിധാനങ്ങൾ സജ്ജീകരിക്കുന്നതിനും അത്തരത്തിൽ സംവിധാനം ഏർപ്പെടുത്താത്ത സ്ഥാപനങ്ങളുടെ ലൈസൻസ് റദ്ദാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാനും നിർദ്ദേശിച്ചിരുന്നു. ജൈവ, അജൈവ മാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ സംസ്കരിക്കുന്നതിനുള്ള സംവിധാനം ഉണ്ടെന്ന് ഉറപ്പാക്കി മാത്രമേ ലൈസൻസ് അനുവദിക്കാവൂ എന്നും അജൈവ മാലിന്യങ്ങൾ നിശ്ചിത ഫീസ് ഈടാക്കി തദ്ദേശ സ്ഥാപനത്തിന് ശേഖരിക്കാവുന്നതാണെന്നും സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്. നിലവിലുള്ളതും പുതുതായി ലൈസൻസ് നൽകുന്നതുമായ സ്ഥാപനങ്ങളുടെ വാർഡ് തിരിച്ചുള്ള ലിസ്റ്റ് തയ്യാറാക്കി കമ്പ്യൂട്ടറൈസ് ചെയ്ത് പ്രസിദ്ധപ്പെടുത്തേണ്ടതാണെന്നും 1994ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 219A മുതൽ 219X വരെയുള്ള വകുപ്പുകൾ, കേന്ദ്ര സർക്കാരിന്റെ സോളിഡ് വേസ്റ്റ് ചട്ടങ്ങൾ, 2016 ലെ ചട്ടം 4 എന്നിവ നടപ്പാക്കുന്നുണ്ടെന്ന് സെക്രട്ടറിമാർ ഉറപ്പാക്കേണ്ടതാണെന്നും സർക്കാർ നിർദ്ദേശിച്ചിരുന്നു. എന്നാൽ ലൈസൻസ് അനുവദിക്കുമ്പോൾ മേൽ നിർദ്ദേശം പാലിച്ചതായി കാണുന്നില്ല. സർക്കാർ നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.

## 1-12-3 കശാപ്പുശാലകൾക്കും ഇറച്ചിക്കടകൾക്കും ലൈസൻസ് നിർബന്ധമാക്കണം

1996-ലെ കേരള പഞ്ചായത്ത് രാജ് (കശാപ്പുശാലകളും ഇറച്ചിക്കടകളും) ചട്ടങ്ങൾ 38 പ്രകാരം ഒരു പഞ്ചായത്ത് പ്രദേശത്തിനുള്ളിൽ മൃഗത്തിന്റെയോ പക്ഷിയുടെയോ മാംസം വിൽക്കുന്നതിനുള്ള കട സ്ഥാപിക്കുന്നത് അതിനായി ഗ്രാമപഞ്ചായത്ത് അംഗീകരിച്ചിട്ടുള്ള സ്ഥലത്ത് ആയിരിക്കേണ്ടതും, ഇറച്ചിക്കട ചില്ലുവച്ച് മറച്ചതും ഈച്ച മുതലായ പ്രാണികൾ കടക്കാത്തതും, ധാരാളം വായു സഞ്ചാരമുള്ളതുമായിരിക്കേണ്ടതും വഴിയാത്രക്കാർ കാണാത്ത വിധത്തിൽ ഇറച്ചി സൂക്ഷിക്കേണ്ടതും , കടയുടെ ലൈസൻസി, തന്റെ പേര്, കടയുടെ നമ്പർ, വില നിരക്കുകൾ എന്നിവ വ്യക്തമാക്കിക്കൊണ്ടുള്ള ബോർഡ് അന്യർക്ക് കാണത്തക്കവിധം കടയുടെ മുൻപിൽ പ്രദർശിപ്പിക്കേണ്ടതുമാണ്. എന്നാൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ഇറച്ചിക്കടകൾക്ക് 1994 ലെ കേരള പഞ്ചായത്ത് രാജ് 229 മുതൽ 231 വരെയുള്ള വകുപ്പുകൾ, 1996-ലെ കേരള പഞ്ചായത്ത് രാജ് (കശാപ്പുശാലകളും ഇറച്ചിക്കടകളും) ചട്ടങ്ങൾ, ബഹു. പഞ്ചായത്ത് ഡയറക്ടറുടെ സർക്കുലറുകൾ (സർക്കുലർ നം.27560/ജെ2/2000/തസ്വഭവ തീ.12-07-2000, സർക്കുലർ നം.1173/ ഡിബി2/09/തസ്വഭവ തീ.17-09-2009, സർക്കുലർ നം. 66771/ഡി ബി 2/09/തസ്വഭവ തീയതി 08-01-2010, സർക്കുലർ നം. 25533/ ഡി ബി 2/12/തസ്വഭവ തീയതി 06-04-2012) എന്നിവയിലെ നിബന്ധനകൾ പ്രകാരം ലൈസൻസ് നൽകിയിട്ടില്ല.

ആരോഗ്യവകുപ്പുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി, ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന ഇറച്ചി/മീൻ വിൽപ്പന കേന്ദ്രങ്ങൾക്ക് എതിരെ 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 230 (എ) വകുപ്പ് പ്രകാരം നടപടികൾ സ്വീകരിക്കേണ്ടതും അർഹതയ്ക്ക് വിധേയമായി ഇറച്ചി/മീൻ വിൽപ്പന കേന്ദ്രങ്ങൾക്ക് ലൈസൻസ് നൽകുവാനും ശ്രദ്ധിക്കേണ്ടതാണ്.

## 1-12-4 റേഷൻ കടകൾ, കള്ള്ഷാപ്പുകൾ, ക്ഷീരോൽപാദക സഹകരണ സംഘങ്ങൾ എന്നിവയ്ക്ക് ലൈസൻസ് നൽകേണ്ടതാണ്

1996 ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പട്ടിക ഒന്നിലെ ക്രമ നം. 139 പ്രകാരം അബ്കാരി ഷാപ്പുകൾ ഉൽപന്നങ്ങളുടെ സംഭരണം, വിൽപനയ്ക്കും ക്രമ നം. 149, 132 എന്നിവ പ്രകാരം റേഷൻ കടകൾക്കും ക്ഷീര സഹകരണ സംഘങ്ങൾക്കും ലൈസൻസ് ആവശ്യമാണ്. എന്നാൽ പഞ്ചായത്ത് പരിധിയിലുള്ള കള്ള് ഷാപ്പുകൾക്കും റേഷൻ കടകൾക്കും ക്ഷീര സഹകരണ സംഘങ്ങൾക്കും പഞ്ചായത്തിൽ നിന്നും ലൈസൻസ് അനുവദിച്ചതായി കാണുന്നില്ല. മേൽ സ്ഥാപനങ്ങളെ ലൈസൻസ് പരിധിയിൽ കൊണ്ടുവരുവാനുള്ള മേൽ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-12-5 വൈദ്യുതികൊണ്ട് പ്രവർത്തിക്കുന്ന യന്ത്രസാമഗ്രിയോ നിർമ്മാണ യന്ത്രമോ ഉപയോഗിക്കുന്ന സ്ഥലത്തിന് ഫീസ് ഈടാക്കിയിട്ടില്ല

1996 -ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ, ചട്ടം 18 അനുസരിച്ച് വൈദ്യുതികൊണ്ട് പ്രവർത്തിപ്പിക്കുന്ന യന്ത്ര സാമഗ്രിയോ നിർമ്മാണ യന്ത്രമോ ഉപയോഗിക്കുന്ന സ്ഥലത്തിന് കേ.പ.രാ ആക്ട് 232-ാം വകുപ്പ് പ്രകാരം ഒരു കൊല്ലത്തേക്ക് ലൈസൻസ് നൽകുകയോ പുതുക്കി നൽകുകയോ ചെയ്യുന്നതിന് പട്ടിക III ൽ പറഞ്ഞ തുകയെ അധികരിക്കാതെ ഫീസ് ചുമത്താവുന്നതാണ്. എന്നാൽ താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും ടി തുക ഈടാക്കിയതായി കാണുന്നില്ല. ആയത് ഈടാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | ലൈസൻസിയുടെ പേര് | അപേക്ഷ പ്രകാരം യന്ത്രത്തിന്റെ കുതിര ശക്തി | ലൈസൻസ് നം. |
|---|---|---|---|---|
| 1 | ഗ്രാന്റ് ഫർണ്ണീച്ചർ | ജീസ്മോൻ വർഗ്ഗീസ് | 2 | 3/19-20 |
| 2 | മൈപ്പാൻ വുഡ് ക്രാഫ്റ്റ് | സുജ ജോയി | 27 | 8/19-20 |
| 3 | മൈപ്പാൻ വുഡ് ഇൻഡസ്ട്രീസ് | എം പി ജോയി | 20 | 9/19-20 |
| 4 | ബ്രൈറ്റ് സോളിഡ് ബ്രിക്സ് | വി വി യാക്കോബ് | 10 | 10/19-20 |
| 5 | പോപ്പുലർ ഇൻഡസ്ട്രീസ് | പോൾസൺ പി വർക്കി | 1080 | 11/19-20 |
| 6 | ടെക്നോമെക് എഞ്ചിനീയറിംഗ് വർക്ക്സ് | പോൾ ജേക്കബ് | 35 | 13/19-20 |
| 7 | ഗ്രീൻ ലീവ്സ് | പീറ്റർ കെ പി | 25 | 14/19-20 |
| 8 | ഫാൾക്കൺ ഇൻഡസ്ട്രീസ് | പീറ്റർ കെ പി | 5 | 15/19-20 |
| 9 | ജനത റോക്ക് പ്രോഡക്ട്സ് | വി വി ജോയ് | 218 | 16/19-20 |
| 10 | അപ്പോളോ ഗ്രാനൈറ്റ്സ് | കെ വി ചാക്കോച്ചൻ | 151 | 17/19-20 |
| 11 | ഗ്ലോറിയ ഗ്രാനൈറ്റ്സ് | അബിൻസ് എം ബേബി | 98 | 18/19-20 |
| 12 | അക്ഷയ ബയോഫ്യുവൽ | അരുൺ പി | 143 | 19/19-20 |
| 13 | എ കെ എച്ച് ബ്രിക്സ് | നഹാൻ എ എ | 20 | 20/19-20 |
| 14 | ഭാരത് റോക്ക് പ്രൊഡക്ട്സ് | വി വി ദേവസ്സിക്കുട്ടി | 450 | 21/19-20 |
| 15 | വാടക്കഞ്ചേരി ഓയിൽ മിൽ | വി വി ലൂയീസ് | 10 | 24/19-20 |
| 16 | എയ്ഞ്ചൽ വുഡ് ക്രാഫ്റ്റ് | എം പി ജോർജ്ജ് | 23 | 27/19-20 |
| 17 | സെന്റ് ജോസഫ് റൈസ് മിൽ | വി വി ജോസ് | 10 | 31/19-20 |
| 18 | മാത്തോളിൽ റബ്ബേഴ്സ് | എം എൻ ഹരീഷ് | 90 | 32/19-20 |

| | | | | |
|---|---|---|---|---|
| 19 | റോയൽ ഫർണ്ണീച്ചർ | മാത്യു പി വി | 13.05 | 33/19-20 |
| 20 | പ്രതിഭ ഹോളോബ്രിക്ക്സ് | സെബാസ്റ്റ്യൻ കെ കെ | 15 | 34/19-20 |
| 21 | വയൽ പറമ്പിൽ ഫർണ്ണീച്ചർ | സുമേഷ് വി വി | 4 | 36/19-20 |
| 22 | മഹാലക്ഷ്മി ജ്വല്ലറി വർക്ക്സ് | അനിൽകുമാർ പി പി | 5 | 42/19-20 |
| 23 | ഗ്ലോബൽ ഇൻഡസ്ട്രീസ് | സാബു കെ കെ | 15 | 43/19-20 |
| 24 | ആചാര്യ വുഡ്സ് | വിജയൻ എം കെ | 5 | 46/19-20 |
| 25 | അന്ന ഇൻഡസ്ട്രീസ് | ടി പി ജോൺസൺ | 12 | 47/19-20 |
| 26 | അന്ന ഓയിൽ മിൽ | ടി പി ജോൺസൺ | 10 | 48/19-20 |
| 27 | എൽബിൻ പ്രിന്റേഴ്സ് | പി വി ഏലിയാസ് | 72 | 55/19-20 |
| 28 | എൻ ആർ എഞ്ചിനീയറിംഗ് വർക്ക്സ് | രാമചന്ദ്രൻ എം കെ | 24 | 58/19-20 |
| 29 | പ്രിൻസ് എഞ്ചിനീയറിംഗ് വർക്ക്സ് | പോൾസൺ എം പി | 10 | 64/19-20 |
| 30 | ടി ജീസ് ഫ്ലവർ മിൽ | ആനി ആന്റു | 8 | 65/19-20 |
| 31 | ശില്പ വുഡ് ഇൻഡസ്ട്രീസ് | പ്രകാശ് എം ബി | 5 | 69/19-20 |
| 32 | ഗ്രെയ്സ് വുഡ് വർക്ക്സ് | കെ എൻ ലൈജു | 10 | 71/19-20 |
| 33 | നവീൻ ഇൻഡസ്ട്രീസ് | രഞ്ജിനി ബാബു | 35 | 78/19-20 |
| 34 | ഉഷസ് ഓയിൽ മിൽസ് | വിൽസൺ ചാക്കപ്പൻ | 9.5 | 81/19-20 |
| 35 | മഞ്ഞപ്ര ഫ്യൂവൽസ് | ടി ജെ അവറാച്ചൻ | 3 | 85/19-20 |
| 36 | എ വൺ റബർസ് | കെ കെ രഞ്ജു | 195 | 86/19-20 |
| 37 | വളാഞ്ചേരി ആഗ്രോ മിൽസ് | വി ഓ പോൾസൺ | 280 | 90/19-20 |
| 38 | നെല്ലാടൻ വുഡ് വർക്ക്സ് | ബിജു | 3 | 93/19-20 |
| 39 | എ & എ ഇൻഡസ്ട്രീസ് | ആന്റു ഔസേഫ് | 45 | 96/19-20 |
| 40 | മരിയ ഫർണ്ണീച്ചർ | ബിജു പൗലോസ് | 5 | 97/19-20 |
| 41 | വിശ്വാസ് വുഡ് ഇന്റീരിയർ | കൃഷ്ണകുമാർ | 4 | 109/19-20 |
| 42 | കെ & കെ ആഗ്രോ ടെക് | സഞ്ചുജോൺ | 235 | 112/19-20 |
| 43 | രമ്യ എഞ്ചിനീയറിംഗ് വർക്ക്സ് | ജോൺസൺ എം എ | 5 | 113/19-20 |
| 44 | മൂഴയിൽ ഫർണ്ണീച്ചർ മാർട്ട് | എൽദോ വർഗ്ഗീസ് | 4.5 | 117/19-20 |
| 45 | ഫിനോടെച്ച് ഫർണ്ണീച്ചർ | എ വി മോഹനൻ | 9 | 118/19-20 |
| 46 | ശ്രീലക്ഷ്മി വുഡ് ക്രാഫ്റ്റ് | ഗോപി ടി കെ | 5 | 119/19-20 |
| 48 | സിറ്റി മോട്ടോഴ്സ് | ഗോപി പി ബി | 3 | 136/19-20 |
| 49 | ബ്രദേഴ്സ് സോളിഡ് ബ്രിക്സ് | ലില്ലി ദേവസ്സിക്കുട്ടി | 10 | 150/19-20 |
| 50 | എക്സലന്റ് സ്റ്റീൽ | ബൈജു ജോർജ് | 40 | 152/19-20 |
| 51 | ആതിര ഓട്ടോമൊബൈൽസ് | ഉണ്ണി കെ എസ് | 15 | 157/19-20 |
| 52 | ഗ്രീൻ ലീവ്സ് പേപ്പർ എൻവലപ്പ് യൂണിറ്റ് | അവറാച്ചൻ | 5 | 159/19-20 |
| 53 | എസ് എസ് ബിൽഡേഴ്സ് | പോൾ വർഗ്ഗീസ് | 25 | 166/19-20 |
| 54 | സെന്റ് ജോർജ് ഫ്ലവർ മിൽ | സിബി ബേബി | 10 | 171/19-20 |
| 55 | മാതാ വുഡ് ഫർണ്ണീച്ചർ | ആന്റു ഔസേഫ് | 6 | 218/19-20 |
| 56 | ശില്പ വുഡ് വർക്ക്സ് | സലിമോൻ | 3 | 224/19-20 |
| 57 | സങ്കീർത്തനം ടയർ റീ ട്രെഡിംഗ് | ഷിജു ടി ഡി | 30 | 235/19-20 |
| 58 | ഓയിൽ മിൽ | ബേബി വർഗ്ഗീസ് | 10 | 239/19-20 |
| 60 | സീജയ് ട്രെഡേഴ്സ് | സോജൻ ജോസ് | 2 | 251/19-20 |
| 61 | പോൾ & സൺസ് വുഡൻ ഫർണ്ണീച്ചർ മാർട്ട് | പോളച്ചൻ ടി എ | 10 | 261/19-20 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം.01/22.11.2021 ന് തുടർ നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. തുടർ നടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-13 തൊഴിൽ നികുതി പിരിവ് കാര്യക്ഷമമാക്കേണ്ടതാണ്

1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം ഓരോ അർദ്ധവർഷവും പഞ്ചായത്ത് പ്രദേശത്ത് അറുപത് ദിവസത്തിൽ കുറയാതെ തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെട്ടിരിക്കുന്ന ഏതൊരാളിൽ നിന്നും ബാധകമായ തൊഴിൽനികുതി ഈടാക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്യുന്നു. പഞ്ചായത്തിന്റെ 2019-20 ലെ തൊഴിൽ നികുതി പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

## 1-13-1 സ്ഥാപനങ്ങളുടെ ഡാറ്റാ ബേസ് നിലവിലില്ല

തൊഴിൽ നികുതി അടയ്ക്കാൻ ബാധ്യസ്ഥരായ ജീവനക്കാരുടെയും, സ്ഥാപനങ്ങളുടെയും വാർഡ് തിരിച്ചുള്ള ഡാറ്റാ ബേസ് നിലവിലില്ല. തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്ററിലെ ആദ്യത്തെ പേജിൽ തൊഴിൽ നികുതി ഈടാക്കിയ സ്ഥാപനങ്ങളുടെ വിവരം ക്രമ നമ്പർ പ്രകാരം ചേർക്കുകയാണ് ചെയ്യുന്നത്. തൊഴിൽ നികുതി അടയ്ക്കാൻ ബാധ്യസ്ഥരായ ജീവനക്കാരുടെയും, സ്ഥാപനങ്ങളുടെയും വാർഡ് തിരിച്ചുള്ള ഇലക്ട്രോണിക് ഡാറ്റാബേസ് തയ്യാറാക്കേണ്ടതാണ്. ഇതിനായി തൊഴിൽ വകുപ്പ്, ചരക്ക് സേവന നികുതി വകുപ്പ്, വ്യവസായ വകുപ്പ്, ക്ഷേമനിധി ബോർഡുകൾ മുതലായ വകുപ്പുകളിൽ നിന്ന് വിവരങ്ങൾ ശേഖരിക്കാവുന്നതാണ്.

## 1-13-2 ലൈസൻസ് അനുവദിച്ചിട്ടുള്ള സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

2019-20 സാമ്പത്തിക വർഷത്തിൽ ഗ്രാമപഞ്ചായത്തിൽ നിന്നും ലൈസൻസ് അനുവദിച്ചിട്ടുള്ള താഴെ പറയുന്ന സ്ഥാപനങ്ങളിലെ

ജീവനക്കാരുടെ തൊഴിൽനികുതി തൊഴിലുടമ മുഖേന ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല. ആയത് ഡിമാന്റ് ചെയ്ത് ഈടാക്കി അറിയിക്കേണ്ടതാണ്.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | ലൈസൻസിയുടെ പേര് | അപേക്ഷ പ്രകാരം സ്ഥാപനത്തിലെ ജോലിക്കാരുടെ എണ്ണം | ലൈസൻസ് നം. |
|---|---|---|---|---|
| 1 | സി കെ ആർമറി | പി ആർ രാജൻപ്പിള്ള | 2 | 4/19-20 |
| 2 | ഓർമ്മ മാർക്കറ്റിംഗ് | രാജി ജോസ് | 4 | 6/19-20 |
| 3 | മൈപ്പാൻ വുഡ് ഇൻഡസ്ട്രീസ് | എം പി ജോയി | 3 | 9/19-20 |
| 4 | ടെക്നോമെക് എഞ്ചിനീയറിംഗ് വർക്ക്സ് | പോൾ ജേക്കബ് | 8 | 13/19-20 |
| 5 | ഗ്രീൻ ലീവ്സ് | പീറ്റർ കെ പി | 3 | 14/19-20 |
| 6 | അപ്പോളോ ഗ്രാനൈറ്റ്സ് | കെ വി ചാക്കോച്ചൻ | 5 | 17/19-20 |
| 7 | ഗ്ലോറിയ ഗ്രാനൈറ്റ്സ് | അബിൻസ് എം ബേബി | 4 | 18/19-20 |
| 8 | അക്ഷയ ബയോഫ്യൂവൽസ് | അരുൺ പി | 12 | 19/19-20 |
| 9 | എ കെ എച്ച് ബ്രിക്സ് | നഹാൻ എ എ | 9 | 20/19-20 |
| 10 | എയ്ഞ്ചൽ വുഡ് ക്രാഫ്റ്റ് | എം പി ജോർജ് | 5 | 27/19-20 |
| 11 | റോയൽ ഫർണ്ണീച്ചർ | മാത്യു പി വി | 5 | 33/19-20 |
| 12 | വയൽ പറമ്പിൽ ഫർണ്ണീച്ചർ | സുമേഷ് വി വി | 3 | 36/19-20 |
| 13 | മഹാലക്ഷ്മി ജ്വല്ലറി വർക്ക്സ് | അനിൽകുമാർ പി പി | 4 | 42/19-20 |
| 14 | അന്ന ഇൻഡസ്ട്രീസ് | ടി പി ജോൺസൺ | 4 | 47/19-20 |
| 15 | എൻ ആർ എഞ്ചിനീയറിംഗ് വർക്ക്സ് | രാമചന്ദ്രൻ എം കെ | 3 | 58/19-20 |
| 16 | മെഡിക്കൽ റിസർച്ച് സെന്റർ | ജെസ്സി ജോൺസൺ | 2 | 59/19-20 |
| 17 | നവിൻ ഇൻഡസ്ട്രീസ് | രജിനി ബാബു | 4 | 78/19-20 |
| 18 | ഉഷസ്സ് ഓയിൽ മിൽസ് | വിൽസൺ ചാക്കപ്പൻ | 6 | 81/19-20 |
| 19 | മഞ്ഞപ്ര ഫ്യൂവൽസ് | പ്രൊപ്പറേറ്റർ | 4 | 85/19-20 |
| 20 | ഓഷധി ഫാർമസി - പഞ്ചകർമ്മ ചികിത്സാ കേന്ദ്രം | ഡോ. അഭിജിത്ത് വേണു | 2 | 88/19-20 |
| 21 | റോയൽ ഫാമിലി മാർട്ട് | സെബാസ്റ്റ്യൻ തോമസ് | 7 | 95/19-20 |
| 22 | എ & എ ഇൻഡസ്ട്രീസ് | ആന്റു ജോസഫ് | 7 | 96/19-20 |
| 23 | മരിയ ഫർണ്ണീച്ചർ | ബിജു പൗലോസ് | 3 | 97/19-20 |
| 24 | ബെൻഹൻ ഹോട്ടൽ & കാറ്ററിംഗ് | ഏല്യാസ് പോൾ | 4 | 98/19-20 |
| 25 | പൈനാടത്ത് ഡയഗോസ്റ്റിക്സ് സെന്റർ | സൈബിൻ ജോർജ് | 2 | 100/19-20 |
| 26 | മൂഴയിൽ ഫർണ്ണീച്ചർ മാർട്ട് | എൽദോ വർഗ്ഗീസ് | 3 | 117/19-20 |
| 27 | ഫിനോടെച്ച് ഫർണ്ണീച്ചർ | എ വി മോഹനൻ | 4 | 118/19-20 |
| 28 | അമൽ ഡയറി ഫാം | സി ജെ പ്രദീപ് കുമാർ | 3 | 129/19-20 |
| 29 | ശ്രീലക്ഷ്മി ജ്വല്ലറി വർക്ക്സ് | സുനി പി പി | 2 | 138/19-20 |
| 30 | ഹിൽ ഗോൾഡ് ട്രേഡിംഗ് കമ്പനി | സോബി ഇട്ടിച്ചൻ | 5 | 139/19-20 |
| 31 | സഞ്ജീവനി ലൈഫ് കെയർ വില്ലേജ് | രഘുനാഥ് എ ടി | 6 | 141/19-20 |
| 32 | എക്സലന്റ് സ്റ്റീൽ | ബൈജു ജോർജ് | 4 | 152/19-20 |
| 33 | എസ് എസ് ബിൽഡേഴ്സ് | പോൾ വർഗ്ഗീസ് | 3 | 166/19-20 |
| 34 | മാസ്സ് മോട്ടോഴ്സ് | സിജോ കെ എ | 4 | 175/19-20 |
| 35 | ഹോട്ടൽ മന്ന | ഷിനോയ് കെ പി | 4 | 188/19-20 |
| 36 | ശില്പ വുഡ് ഫർണ്ണീച്ചർ | സലിമോൻ | 3 | 224/19-20 |
| 37 | സിൻക്യമെയിൻ ഫാർമ | ലാൽമോൻ പി പി | 5 | 232/19-20 |
| 38 | സങ്കീർത്തനം ടയർ റീ ത്രെഡിംഗ് | ഷിജു ടി ഡി | 6 | 235/19-20 |
| 39 | സീജയ് ട്രേഡേഴ്സ് | സോജൻ ജോസ് | 5 | 251/19-20 |
| 40 | സരിതാസ് ടെക്സ്റ്റയിൽസ് | കെ എൻ ചന്ദ്രൻ | 3 | 253/19-20 |
| 41 | സരിതാസ് സൂപ്പർ മാർക്കറ്റ് | ദിപു ചന്ദ്രൻ | 3 | 254/19-20 |
| 42 | പോൾ & സൺസ് വുഡൻ ഫർണ്ണീച്ചർ മാർട്ട് | പോളച്ചൻ ടി എ | 3 | 261/19-20 |
| 43 | ഫാത്തിമ മാത ടിമ്പർ മാർട്ട് | റിൻസി പോളച്ചൻ | 4 | 262/19-20 |
| 44 | ഗ്രീൻ ഓട്ടോ മൊബൈൽസ് | ജിന്നി ചെറിയാൻ | 4 | 265/19-20 |
| 45 | സ്മാർട്ട് ഇൻഡസ്ട്രീസ് | ഡേവിഡ് ടി വി | 2 | 267/19-20 |
| 46 | പെരിയാർ എന്റർപ്രൈസസ് | ജാൻസി ജെയിംസ് | 4 | 274/19-20 |
| 47 | സെന്റ് അഗസ്റ്റിൻ പാക്കിംഗ് ഇൻഡസ്ട്രീസ് & സോമിൽ | മാനേജിംഗ് പാർട്ട്നർ | 8 | 280/19-20 |

**<u>1-13-3 റേഷൻ കട നടത്തിപ്പുകാർ, പഞ്ചായത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് ചെയ്യുന്ന കരാറുകാർ എന്നിവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല</u>**

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകളുടെ നടത്തിപ്പുകാർ, പഞ്ചായത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് ചെയ്യുന്ന കരാറുകാർ എന്നിവരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയതായി കാണുന്നില്ല. ആയത് ഡിമാന്റ് ചെയ്ത് ഈടാക്കി അറിയിക്കേണ്ടതാണ്.

2019-20 സാമ്പത്തിക വർഷത്തെ എഗ്രിമെന്റ് രജിസ്റ്റർ പ്രകാരമുള്ള കരാറുകാരുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | 2019-20 സാമ്പത്തിക വർഷത്തിൽ ഗ്രാമപഞ്ചായത്ത് പ്രവൃത്തികൾ ഏറ്റെടുത്ത കരാറുകാരുടെ പേര് |
|---|---|
| 1 | പി വി ജോസ് |
| 2 | വി ജോയ് |
| 3 | കെ പി ജോസ് |
| 4 | കെ എസ് പോളി |
| 5 | ആന്റണി ഉറുമീസ് |
| 6 | പി രമേശൻ |
| 7 | ജയ്സൺ ഏലിയാസ് |
| 8 | പി ജെ ബിജു |
| 9 | റോബിൻസ് ജോസഫ് |
| 10 | സെബാസ്റ്റ്യൻ പോൾ |
| 11 | എം ജെ വർഗ്ഗീസ് |
| 12 | ബെന്നി അബ്രഹാം |
| 13 | ജോളി |
| 14 | പി ഓ പൗലോസ് |

## 1-13-4 ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയതായി കാണുന്നില്ല. ആയത് ഡിമാന്റ് ചെയ്ത് ഈടാക്കി അറിയിക്കേണ്ടതാണ്.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | ഈടാക്കേണ്ട അർദ്ധ വർഷം |
|---|---|---|
| 1 | ചന്ദ്രപ്പുര ക്ഷീരോൽപാദക സഹകരണ സംഘം | I &II |
| 2 | തവളപ്പാറ ക്ഷീരോൽപാദക സഹകരണ സംഘം | I &II |
| 3 | മഞ്ഞപ്ര ക്ഷീരോൽപാദക സഹകരണ സംഘം | I &II |
| 4 | ആനപ്പാറ ക്ഷീരോൽപാദക സഹകരണ സംഘം | I &II |
| 5 | അക്ഷയ ഇ കേന്ദ്രം, മഞ്ഞപ്ര | I &II |
| 6 | മഞ്ഞപ്ര ഗ്രാമപഞ്ചായത്തിലെ താൽക്കാലിക ഡ്രൈവർ | I &II |
| 7 | മാവേലി സ്റ്റോർ | II |
| 8 | ബാംബൂ കോർപ്പറേഷൻ | I &II |
| 9 | സെന്റ് ഫിലോമിൻ ഹോസ്പിറ്റൽ | II |
| 10 | മഞ്ഞപ്ര സർവ്വീസ് സഹകരണ ബാങ്ക്, ചന്ദ്രപ്പുര ബ്രാഞ്ച് | I &II (*) |
| 11 | മഞ്ഞപ്ര സർവ്വീസ് സഹകരണ ബാങ്ക്, ആനപ്പാറ ബ്രാഞ്ച് | |

(* മഞ്ഞപ്ര സർവ്വീസ് സഹകരണ ബാങ്കിന്റെ വിവിധ ബ്രാഞ്ചുകൾ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നുണ്ടെങ്കിലും മഞ്ഞപ്ര മെയിൻ ബ്രാഞ്ചിന്റെ ജീവനക്കാരുടെ തൊഴിൽ നികുതി മാത്രമാണ് ഈടാക്കിയിട്ടുള്ളത്.)

## 1-13-5 സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയതായി കാണുന്നില്ല. ആയത് ഈടാക്കി അറിയിക്കേണ്ടതാണ്.

| രമ നം. | സ്ഥാപനത്തിന്റെ പേര് | ഈടാക്കേണ്ട അർദ്ധ വർഷം |
|---|---|---|
| 1 | ബി എസ് എൻ എൽ, മഞ്ഞപ്ര | I &II |
| 2 | ബാംബൂ കോർപ്പറേഷൻ | I &II |
| 3 | ജോതിസ് സെൻട്രൽ സ്കൂൾ | I &II |
| 4 | സെന്റ് പാട്രിക്ക്സ് അക്കാദമി | I &II |
| 5 | ചന്ദ്രപ്പുര ക്ഷീരോൽപാദക സഹകരണ സംഘം | I &II |
| 6 | തവളപ്പാറ ക്ഷീരോൽപാദക സഹകരണ സംഘം | I &II |
| 7 | മഞ്ഞപ്ര ക്ഷീരോൽപാദക സഹകരണ സംഘം | I &II |
| 8 | ആനപ്പാറ ക്ഷീരോൽപാദക സഹകരണ സംഘം | I &II |
| 9 | അക്ഷയ ഇ കേന്ദ്രം, മഞ്ഞപ്ര | I &II |
| 10 | മഞ്ഞപ്ര സർവ്വീസ് സഹകരണ ബാങ്ക്, ചന്ദ്രപ്പുര ബ്രാഞ്ച് | I &II (*) |
| 11 | മഞ്ഞപ്ര സർവ്വീസ് സഹകരണ ബാങ്ക്, ആനപ്പാറ ബ്രാഞ്ച് | |

(* മഞ്ഞപ്ര സർവ്വീസ് സഹകരണ ബാങ്കിന്റെ വിവിധ ബ്രാഞ്ചുകൾ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നുണ്ടെങ്കിലും മഞ്ഞപ്ര മെയിൻ ബ്രാഞ്ചിന്റെ സ്ഥാപന തൊഴിൽ നികുതി മാത്രമാണ് ഈടാക്കിയിട്ടുള്ളത്.)

## 1-13-6 വിവിധ പദ്ധതി പ്രകാരം നിയമിച്ചിട്ടുള്ള ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

താഴെ പറയുന്ന പദ്ധതി പ്രകാരം നിയമിച്ചിട്ടുള്ള ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയതായി കാണുന്നില്ല. ആയത് ഡിമാന്റ് ചെയ്ത് ഈടാക്കി അറിയിക്കേണ്ടതാണ്.

| ക്രമ നം. | പ്രൊജക്ട് നം., പേര് | നിയമിച്ചിട്ടുള്ള ജീവനക്കാരുടെ വിവരം |
|---|---|---|

| | | |
|---|---|---|
| 1 | പ്രൊജക്ട് നം. 110, പ്രാഥമിക ആരോഗ്യ കേന്ദ്രത്തിലെ ലാബ് അസിസ്റ്റന്റിന് ശമ്പളം നൽകൽ | ലാബ് അസിസ്റ്റന്റ് |
| 2 | പ്രൊജക്ട് നം. 101, പാലിയേറ്റീവ് കെയർ | പാലിയേറ്റീവ് കെയർ നെഴ്സ് |

## 1-13-7 സ്ഥാപനങ്ങളിലെ മുഴുവൻ ജീവനക്കാരുടെയും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

താഴെ പറയുന്ന സ്ഥാപനങ്ങളിലെ മുഴുവൻ ജീവനക്കാരുടെയും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയതായി കാണുന്നില്ല. സ്ഥാപനങ്ങളിലെ മുഴുവൻ ജീവനക്കാരുടെയും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

| സ്ഥാപനത്തിന്റെ പേര് | തൊഴിൽ നികുതി രജിസ്റ്റർ പ്രകാരം തൊഴിൽ നികുതി ഈടാക്കിയ ജീവനക്കാരുടെ എണ്ണം | ലൈസൻസ് അപേക്ഷ പ്രകാരം സ്ഥാപനത്തിലെ ജീവനക്കാരുടെ എണ്ണം |
|---|---|---|
| എൽബിൻ പ്രിന്റേഴ്സ് | 3 | 8 |
| വളാഞ്ചേരി ആഗ്രോ മിൽസ് | 4 | 9 |
| സപ്ലൈകോ മാവേലി സ്റ്റോർ | 1 | 4 |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം.3/23.11.2021 ന് തുടർ നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. തുടർ നടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-14 വാടക ഈടാക്കാത്തത് സംബന്ധിച്ച്

പഞ്ചായത്ത് വാടക രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിക്കുന്നില്ല. ആയതിനാൽ വാടക കുടിശിക എല്ലാം പിരിച്ചെടുക്കുവാൻ സാധിക്കുന്നില്ല. 2019-20 വാടക രജിസ്റ്റർ ഓഡിറ്റിന് ഹാജരാക്കുവാൻ ആവശ്യപ്പെട്ടിട്ടും ആയത് ഹാജരാക്കിയില്ല. വാടകയിനത്തിൽ കുടിശികയായി വലിയ തുക ഇപ്പോഴും (ഓഡിറ്റ് തീയതി വരെ) ലഭിക്കാനുണ്ട്. വാടക ഈടാക്കാത്തതിന്റെ കാരണവും വ്യക്തമല്ല. മാത്രമല്ല 2021-22 വർഷം മുതൽ വാടകയായി തുകയൊന്നും തന്നെ ഈടാക്കുന്നില്ല. എന്നാൽ എല്ലാ മുറികളും വാടകക്കാർ ഇപ്പോഴും ഉപയോഗിച്ചുകൊണ്ടുമിരിക്കുന്നു.

അക്കൗണ്ട്സ് പരിശോധിച്ചതിൻ പ്രകാരം ഓരോ മുറികളുടേയും കിട്ടിയ വാടകയും ലഭിക്കേണ്ട വാടകയുടെയും 2018-19, 2019-20, 2020-21 വർഷത്തെ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | പേര് | കെട്ടിട നം. | മാസ വാടക (18-19) | മാസ വാടക 19-20 & 20-21 | 2018-19, 2019-20, 2020-21 വരെ ലഭിക്കേണ്ട തുക | ലഭിച്ച തുക | ലഭിക്കേണ്ട തുക |
|---|---|---|---|---|---|---|---|
| 1 | BINU GEROGE | XI/425 | 1273 | 1400 | 48876/- | 32076/- | 16800/- |
| 2 | BIJU JOSEPH | XI/431 | 1273 | 1400 | 48870/- | 22,276/- | 26594/- |
| 3 | JOSE K D | XI/429 | 1142 | 1256 | 43848/- | 23752/- | 20096/- |
| 4 | K.S.KURIAKOSE | XI/440 | 1484 | 1632 | 56976/- | 45717/- | 11259/- |
| 5 | LALJI PAUL | IX/419 | 1651 | 1816 | 63396/- | 53529/- | 9867/- |
| 6 | RINCY AVARACHAN | XI/427 | 1273 | 1400 | 48876/- | 44676/- | 4200/- |
| 7 | SHANTHA K.G., THEKKEDATH | XI/421 | 1763 | 1939 | 67692/- | 61875/- | 5817/- |
| 8 | SHAIJU V J | XI/420 | 1763 | 1939 | 67692/- | 57332/- | 10360/- |
| 9 | SHAJI MARTIN | XI/444 | 1524 | 1676 | 58512/- | 19048/- | 39464/- |
| 10 | SHAJU PAUL P | XI/432 | 1273 | 1400 | 48876/- | 44676/- | 4200/- |
| 11 | UTHUPP P V | XI/442 | 1674 | 1842 | 64296/- | 44034/- | 20262/- |
| 12 | VARGHESE K P | XI/426 | 1273 | 1400 | 48876/- | 29276/- | 19600/- |
| 13 | VARGHESE K S | XI/422, XI/428 | 1763, 1273 | 1840, 1400 | 114192/- | 86512/- | 27680/- |
| 14 | VIJAYAN K.K | IX/171 | 1650 | 1815 | 63360/- | 59730/- | 3630/- |

വാടക രജിസ്റ്റർ എഴുതി സൂക്ഷിക്കാത്തതിനാൽ വാടക ലഭിച്ച വിവരവും വാടകയിനത്തിൽ ലഭിക്കാനുള്ള കുടിശ്ശികയുടെ വിവരവും പഞ്ചായത്തിൽ ലഭ്യമല്ല. രജിസ്റ്റർ എഴുതി പൂർത്തിയാക്കി എല്ലാ കുടിശ്ശികയും ഈടാക്കി പഞ്ചായത്തിൽ അടക്കേണ്ടതാണ്.

## 1-15 പെർമിറ്റ് എടുക്കാതെ കെട്ടിടം പണിത് ഉപയോഗിക്കുന്നു

**1.**

| | |
|---|---|
| പേര് | ജോളി വർഗ്ഗീസ്, ഐക്കനാടൻ |
| കെട്ടിട നം | 208 |
| പെർമിറ്റ് നം | A2-BA(274508)/2018 Dtd 3-11-18 |
| ഒക്കുപെൻസി | 16-7-20 |
| പെർമിറ്റ് നൽകിയത് | 676.38m2 |
| സ്ഥലം | 416 M2 (Survey No.696/2-4) |

ഈ കെട്ടിടത്തിന് ആകെ 676.38m2 കെട്ടിടം പണിയുന്നതിനാണ് പെർമിറ്റ് നൽകിയിട്ടുള്ളത്. ഇതിൽ താഴത്തെ നില 202.96 M2 കൊമേഴ്സൽ ബിൽഡിംഗും ഒന്നാം നില 230.35m2 – ഉം രണ്ടാം നില 243.07m2 – ഉം റെസിഡെൻഷ്യൽ കെട്ടിടവും ആണ്. ഇപ്രകാരം തന്നെ ഒക്കുപെൻസിയും നൽകിയിട്ടുണ്ട്. ഈ സ്ഥലം നേരിട്ട് പരിശോധിച്ചതിൽ ഇതിന്റെ മൂന്നാം നില രണ്ടാം നിലയുടെ അതേ വലുപ്പത്തിൽ 243.07m2 –ഹാൾ നിർമ്മിച്ചിട്ടുണ്ട്. എന്നാൽ ഇതിന് പെർമിറ്റ് എടുക്കുകയോ ഒക്കുപെൻസി നൽകുകയോ ചെയ്തിട്ടില്ല. ഇപ്രകാരം ഇപ്പോൾ കെട്ടിടത്തിന്റെ ആകെ വിസ്തീർണ്ണം 919.45 M2 ആണ്. പെർമിറ്റ് എടുക്കാതെ അധികം ചെയ്ത പ്രവർത്തി റെഗുലറൈസ് ചെയ്യാവുന്നതാണോ എന്ന് പരിശോധിക്കേണ്ടതാണ്.

**2.**

| | |
|---|---|
| പേര് | നിൽജോ തോമസ്, നിജിൽ തോമസ്, സോജൻ ജോസ് |
| സ്ഥലം | 4606m2 (Survey No.532/9-2, 532/9-3) |

| | |
|---|---|
| കെട്ടിട നം | 323/B, Ward - 11(നടമുറി) |
| പെർമിറ്റ് നം | A2-13/20/2020 Dtd 6-3-20 |
| ഒക്കുപെൻസി | 966.40m2 |
| പെർമിറ്റ് പ്രകാരം കെട്ടിട വിസ്തീർണ്ണ് | 966.40m2 |
| ഉപയോഗം | കൺവെൻഷൻ സെന്റർ |

ഈ കെട്ടിടത്തിന് ഒക്കുപെൻസി നൽകിയിട്ടുണ്ട്. വസ്തു നികുതിയായി 966.40m2 X 40/M2 = 38,645 /- + 20% വഴി സൗകര്യം ഉൾപ്പെടെ ഈടാക്കുന്നു. ഈ സ്ഥലം നേരിട്ട് പരിശോധിച്ചതിൽ ഇതിന്റെ പുറകിലായി ഏതാണ്ട് ഇതേ വലുപ്പത്തിൽ ഹാൾ നിർമ്മിച്ചുകൊണ്ടിരിക്കുന്നു. എന്നാൽ ഇതിന് പെർമിറ്റ് എടുക്കുകയോ ഒക്കുപെൻസി നൽകുകയോ ചെയ്തിട്ടില്ല. ഇപ്രകാരം പെർമിറ്റ് എടുക്കാതെ അധികം ചെയ്ത പ്രവൃത്തി റെഗുലറൈസ് ചെയ്യാവുന്നതാണോ എന്ന് പരിശോധിക്കേണ്ടതാണ്. റെഗുലറൈസ് ചെയ്യാവുന്നതാണെങ്കിൽ റെഗുലറൈസേഷൻ ഫീസും പണി പൂർത്തിയാകുന്ന മുറക്ക് വസ്തു നികുതിയായും ഈടാക്കേണ്ടതാണ്.

ഇത് സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.14) പഞ്ചായത്ത് മറുപടി നൽകിയില്ല.

## 1-16 വെറ്ററിനറി സർജൻ നടപ്പിലാക്കിയ പദ്ധതി- അപാകതകൾ

1. വെറ്ററിനറി സർജൻ നടപ്പിലാക്കിയ പ്രൊജക്ട് നം 213/ 20, പ്രളയത്തിൽ ജീവനോപാധിയായ ആട് നഷ്ടപ്പെട്ടവർക്ക് ആയത് വാങ്ങി നല്കൽ എന്ന പദ്ധതി നടത്തിപ്പിനായി 80 പേർക്ക് ആട് വാങ്ങി നല്കുന്നതിനായി 400000/- ചെലവു ചെയ്തിട്ടുള്ളതാണ്. (അടങ്കൽ-400000/- വികസന ഫണ്ട് -200000/- ഗുണഭോക്തൃവിഹിതം- 200000/- ) പ്രളയം ബാധിച്ച പഞ്ചായത്തുകൾക്ക് അനുവദിച്ച പ്രത്യേകഫണ്ട് ഉപയോഗിച്ചാണ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്.

സർക്കാർ ഉത്തരവ് (കൈ)നം 170/2019/ തസ്വഭവ തീ 23/12/2019 പ്രകാരം പ്രളയം ബാധിച്ച പഞ്ചായത്തുകൾക്ക് അനുവദിച്ച തുക വിനിയോഗിക്കുന്നതിന് പ്രത്യേക മാർഗരേഖ പുറപ്പെടുവിച്ചിരുന്നു. അതു പ്രകാരം ഗുണഭോക്താക്കളെ കണ്ടെത്തുന്നതിന് അപേക്ഷാഫോറത്തിൽ പ്രളയത്തിൽ നഷ്ടപ്പെട്ട ജീവനോപാധിയുടെ വിശദാംശങ്ങൾ, ആഗ്രഹിക്കുന്ന ജീവനോപാധിയുടെ വിശദാംശങ്ങൾ, മറ്റു വകുപ്പുകൾ മുഖേന ആനുകൂല്യം ലഭിച്ചവരുടെ പട്ടിക തയ്യാറാക്കി ഇരട്ടിപ്പ് ഒഴിവാക്കൽ, കൂടാതെ കൃത്യമായ അർഹതാമാനദണ്ഡത്തിലൂടെ സുതാര്യമായി ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനും നിർദേശിച്ചിട്ടുള്ളതാണ്. എന്നാൽ പ്രോജക്ട് നടത്തിപ്പിൽ ഇത്തരത്തിൽ യാതൊരുവിധ രേഖപ്പെടുത്തലുകളും ഇല്ലാതെ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുകയും ആനുകൂല്യം നൽകുകയുമാണ് ചെയ്തിട്ടുള്ളത്. പ്രളയത്തിൽ ജീവനോപാധിയായ ആട് നഷ്ടപ്പെട്ടവർക്ക് ആയത് വാങ്ങി നൽകൽ എന്ന പദ്ധതിയിൽ ആനുകൂല്യം ലഭിച്ചവർ പ്രളയത്തിൽ ജീവനോപാധി നഷ്ടപ്പെട്ടവർ തന്നെയാണോ എന്നതിന് വ്യക്തതയില്ല. പ്രൊജക്ട് നം 106/ 20 പ്രകാരം വനിതകൾക്ക് ആട് വിതരണം എന്ന പദ്ധതിയിലൂടെ തൻവർഷം 200 പേർക്ക് ആട് വാങ്ങി നൽകിയിട്ടുള്ളതും അതേ പദ്ധതിയുടെ തന്നെ അപേക്ഷയാണ് അധിക വിവരങ്ങൾ ചേർക്കാതെ ഈ പദ്ധതിയ്ക്കും ഉപയോഗിച്ചിട്ടുള്ളത്.

ഈ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടുകണ്ട് നൽകിയ 22-11-21ലെ ഓഡിറ്റ് എന്ക്വയറിക്ക് ഡിപ്പാർട്ട് മെന്റ്/ വില്ലേജിൽ നിന്നും പ്രളയനഷ്ടത്തിന് ആനുകൂല്യം ലഭിച്ച അപേക്ഷകരിൽ നിന്നും അവർ ആഗ്രഹിക്കുന്നത് ആവശ്യപ്പെട്ടിട്ടാണ് നൽകിയത് എന്നും പഞ്ചായത്ത് ഭരണ സമിതി അംഗീകരിച്ച പദ്ധതി ലിസ്റ്റ് 2/20 ലാണ് ലഭിച്ചത് എന്നുമാണ് അറിയിച്ചത്. പദ്ധതി ഫയലിൽ ഇത് സാധൂകരിക്കുന്ന രേഖകളൊന്നും ഇല്ലാത്തതിനാൽ ഈ മറുപടി തൃപ്തികരമല്ല. പ്രളയത്തിൽ ജീവനോപാധിയായ ആട് നഷ്ടപ്പെട്ടവർക്കാണ് ആനുകൂല്യം ലഭിച്ചത് എന്നതിനുള്ള രേഖകൾ ഹാജരാക്കേണ്ടതും ഭാവിയിൽ പദ്ധതി നടത്തിപ്പിൽ മാർഗരേഖ പ്രകാരമുള്ള നിർദേശങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

2. വിതരണം ചെയ്ത ആനുകൂല്യം ഗുണഭോക്താവിന് ലഭിച്ചു എന്ന് ഉറപ്പു വരുത്തുന്നതിനും ഒരേ വ്യക്തിക്ക് വിവിധ വർഷങ്ങളിൽ ഇതേ ആനുകൂല്യം വീണ്ടും ലഭിക്കുന്നില്ല എന്ന് ഉറപ്പു വരുത്തുന്നതിനും വിതരണ രജിസ്റ്റർ തുടർച്ചയായി സൂക്ഷിക്കേണ്ടതുണ്ട്. എന്നാൽ വെറ്ററിനറി സർജൻ നടപ്പിലാക്കിയ പദ്ധതികളിലൂടെ വിതരണം ചെയ്യുന്ന ആനുകൂല്യം രേഖപ്പെടുത്തുന്നതിന് വിതരണ രജിസ്റ്റർ സൂക്ഷിക്കുന്നില്ല. ആനുകൂല്യം കൊടുത്തവരുടെ ലിസ്റ്റ് പ്രിന്റ് ഔട്ട് എടുത്ത് ഫയലിൽ വച്ചിട്ടുണ്ട് എന്ന മറുപടി അംഗീകരിക്കാനാകില്ല. തുടർച്ചയായ വർഷങ്ങളിൽ വിതരണ രജിസ്റ്റർ സൂക്ഷിക്കുന്നു എന്ന് ഉറപ്പുവരുത്തി അറിയിക്കേണ്ടതാണ്.

## 1-17 ക്യാൻസർ വിമുക്ത എറണാകുളം-പദ്ധതി സംബന്ധിച്ച്

1. മെഡിക്കൽ ഓഫീസർ പി.എച്ച്.സി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ ക്യാൻസർ വിമുക്ത എറണാകുളം എന്ന പദ്ധതിയിലേക്ക് (പ്രോജക്ട് നം-170/20) തനത് ഫണ്ടിൽ നിന്നും 67000/- രൂപ ചെലവഴിച്ചിട്ടുണ്ട്.(ചെക്ക് നം 304655 തീ 27.3.2020) വിവിധ വാർഡുകളിൽ ക്യാൻസർ ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിച്ചതിന് വാഹനവാടക, ഭക്ഷണം, ജനറേറ്റർ -മൈക് സെറ്റ് വാടക, ബാനർ എന്നീ ഇനങ്ങളിലായാണ് തുക ചെലവഴിച്ചിട്ടുള്ളത്. സബ്സിഡി മാർഗരേഖ അനുസരിച്ച് ബോധവൽക്കരണ പരിപാടികൾക്ക് മാത്രമായി പ്രോജക്ട് അനുവദനീയമല്ല. (സ.ഉ(കൈ)നം.11/2018/ത.സ്വ.ഭ.വ തീയതി 29.01.2018, ഖണ്ഡിക 7.7.2.3). (സർക്കാർ ഉത്തരവ് (കൈ)നം.22/2018/,ത.സ്വ.ഭ.വ, തീയതി. 14.02.2018, ഖണ്ഡിക-8.4).എന്നാൽ ക്യാൻസർ മുൻകൂട്ടി കണ്ടെത്തുന്നതിനുള്ള പരിശോധന ക്യാമ്പുകൾ നടത്താവുന്നതും അതിനോടനുബന്ധിച്ച് ബോധവൽക്കരണ പരിപാടി സംഘടിപ്പിക്കാവുന്നതുമാണ്(മാർഗരേഖ ഖണ്ഡിക7.7).

പരിശോധന ക്യാമ്പുകൾ നടത്താതെ മാർഗരേഖയിലെ നിർദ്ദേശത്തിന് വിരുദ്ധമായി ബോധവൽക്കരണ ക്ലാസ് മാത്രം സംഘടിപ്പിച്ച് പദ്ധതി പണം ചെലവഴിച്ചതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ 29-11-21ലെ എൻക്വയറി നം. 11 ന് ക്യാൻസർ കെയർ പദ്ധതി നടപ്പിലാക്കിയത് ജില്ലാ പ്ലാനിങ്ങ് ഓഫീസറുടെ ഉത്തരവ് നം. 61139/18/ഡി.പി.ഒ/ഇ.കെ.എം./ജില്ലാ പ്ലാനിങ്ങ് ഓഫീസ് എറണാകുളം തീയതി 29.5.2019 പ്രകാരമാണ് എന്നറിയിച്ചു. മേൽ ഉത്തരവ് പ്രകാരവും ഏറ്റെടുക്കേണ്ട പ്രോജക്ട് വിശദാംശങ്ങളിൽ ക്യാൻസർ കെയർ ബോധവൽക്കരണവും പ്രാഥമിക പരിശോധന കിറ്റ് വാങ്ങലും രോഗം സ്ഥിരീകരിക്കുന്നവർക്ക് നൽകേണ്ട യാത്രാ ചെലവ് എന്നിവയാണ് ഉൾപ്പെടുത്തിയിട്ടുള്ളത് എന്നത് ശ്രദ്ധയിൽപെടുത്തുന്നു. ആയതിനാൽ എൻക്വയറിയിൽ ചൂണ്ടിക്കാണിച്ച അപാകതയ്ക്ക് നൽകിയ മറുപടി തൃപ്തികരമല്ല. മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾക്ക് അനുസൃതമായി മാത്രം പദ്ധതി പണം ചെലവഴിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-18 ഭിന്നശേഷിക്കാർക്ക് കലാമേള- അപാകതകൾ

| | |
|---|---|
| പ്രോജക്ട് നമ്പർ, പേര് | S102/20, ഭിന്നശേഷിക്കാർക്ക് കലാമേള |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| അടങ്കൽ | 75000/- (വികസന ഫണ്ട് 4444/- തനത് ഫണ്ട്-70556/-) |
| ചെലവ് | 74735/-(വികസന ഫണ്ട് -4444 , തനത് ഫണ്ട്-70291/-) |
| ബിൽ നമ്പർ | 7/19-20 തി 31-3-20 - 4444/-<br>തനത് ഫണ്ട്-70291/(ചെക്ക് നം 304662 തീ 30-3-20) |

ഐ.സി.ഡി.എസ് സൂപ്പർവൈസർ 2019-20 വർഷം നടപ്പിലാക്കിയ ഭിന്നശേഷിക്കാർക്ക് കലാമേള എന്ന പദ്ധതിയുടെ ഭാഗമായി 74735/- രൂപ ചെലവായിട്ടുണ്ട്. പദ്ധതി മാർഗ്ഗരേഖ ഖണ്ഡിക 7.1.14 പ്രകാരം ഭിന്നശേഷിക്കാരായ കുട്ടികൾക്ക് സ്ഥാപന തലത്തിൽ ഏകദിന കായിക-കലാമത്സരങ്ങൾ നടത്തി വിജയികളാകുന്നവർക്ക് സമ്മാനങ്ങളും പങ്കെടുത്തവർക്ക് പ്രോത്സാഹന സമ്മാനങ്ങളും നൽകാവുന്നതാണ്. 169 പേർ പങ്കെടുത്ത ലിസ്റ്റ് ഫയലിൽ സൂക്ഷിച്ചിട്ടുണ്ട് എങ്കിലും മറ്റ് വിശദാംശങ്ങൾ ലഭ്യമല്ല. കായിക-കലാമത്സരങ്ങൾ നടത്തിയതായി കാണുന്നില്ല . ആകെ ചെലവിൽ പങ്കെടുത്ത എല്ലാവർക്കും 404.6രൂപ, 404/- രൂപ എന്നീ വിലകളുള്ള ലെമൺ സെറ്റ് സമ്മാനം നൽകുന്നതിനായി 48950/- രൂപയും(110 എണ്ണം , 44506/- 11എണ്ണം 4444/- ആകെ 121 എണ്ണം) ഭക്ഷണത്തിനായി 23250/- രൂപയും (175 പേർക്ക് ) കൂടി മാത്രം ആകെ 72200/- രൂപ ചെലവായിട്ടുള്ളതായി കാണുന്നു. ഭിന്നശേഷിക്കാർക്കുള്ള സ്കോളർഷിപ്പ് തൻവർഷം 70 കുട്ടികൾക്കാണ് പഞ്ചായത്തിൽ നിന്ന് നൽകിയിട്ടുള്ളത്. ഈ കുട്ടികളാണോ കലാമേളയിൽ പങ്കെടുത്തത് എന്ന് വ്യക്തമല്ല. ഇത്തരത്തിൽ പദ്ധതി മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമായി സമ്മാനങ്ങൾ നൽകിയതിനും പദ്ധതി ചെലവിന്റെ ഗണ്യമായ ഭാഗം സമ്മാനങ്ങൾ നൽകുന്നതിനും ഭക്ഷണത്തിനുമായി മാത്രം ചെലവിട്ടതിനും പദ്ധതി നടത്തിപ്പിന്റെയും പങ്കട്ടുത്തവരുടേയും വ്യക്തമായ വിശദാംശങ്ങളടക്കം വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ 30-11-21 ലെ ഓഡിറ്റ് എൻക്വയറി നം. 9 ന് ലഭ്യമാക്കിയ മറുപടി പ്രകാരം പഞ്ചായത്തിൽ സ്കോളർഷിപ്പ് വാങ്ങുന്ന 70 കുട്ടികളും ഒരു സ്ഥാപനത്തിലും പോകാത്ത കുട്ടികളും പങ്കെടുത്തതായും എല്ലാവർക്കും ഒരുപോലത്തെ സമ്മാനങ്ങൾ കൊടുത്താൽ മതിയെന്ന രക്ഷകർത്താക്കളുടെ ആവശ്യം പരിഗണിച്ചാണ് അത്തരത്തിൽ ചെയ്തതെന്നും തീരുമാനങ്ങളെല്ലാം പ്രസിഡണ്ട്, വൈസ് പ്രസിഡണ്ട്, സ്റ്റാൻഡിങ്ങ് കമ്മിറ്റി ചെയർമാന്മാർ കൂടിയാണ് എടുത്തത് എന്നും അറിയിച്ചു.

കലാമേളകൾ സമ്മാന വിതരണത്തിനും ഭക്ഷണത്തിനുമുള്ള പരിപാടി മാത്രമായി മാറാതെ പദ്ധതി നടത്തിപ്പിൽ മാർഗ്ഗരേഖ കൃത്യമായി പാലിക്കുന്നുണ്ട് എന്ന് ഉറപ്പുവരുത്തേണ്ടതാണ്.

## 1-19 സാമൂഹ്യ ക്ഷേമപെൻഷൻ- അപാകതകൾ

1.എല്ലാ മരണ രജിസ്ട്രേഷൻ അപേക്ഷയോടൊപ്പവും ആധാർ നമ്പർ വിവരങ്ങൾ ശേഖരിക്കുകയോ മരണപ്പെട്ട ആൾ സാമൂഹ്യ ക്ഷേമപെൻഷണർ ആണോ എന്ന് പരിശോധിച്ച് ഉറപ്പു വരുത്തി പെൻഷൻ അവസാനിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയോ ചെയ്യുന്നില്ല.

2. 2019-20 ലെ ഗ്രാമ പഞ്ചായത്തിലെ മരണ റിപ്പോർട്ടുകളിൽ ലഭ്യമായ വിവരങ്ങൾ ആസ്പദമാക്കി സേവനപെൻഷൻ വിതരണം പരിശോധിച്ചതിൽ, ഗുണഭോക്താക്കൾ തുകകൾ കൈപ്പറ്റിയത് സംബന്ധിച്ച് അപാകതകൾ കാണുന്നു. ഏതാനും ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര്, ആധാർ നം. | മരണപ്പെട്ട തീയതി, പെൻഷൻ ഇനം | പെൻഷൻ തുക വിതരണം | അപാകത |
|---|---|---|---|---|
| 1 | തോമസ് എ. പി.<br>273569977042, | 16.12.2019<br>വാർധക്യ കാലപെൻഷൻ | 10/2021 വരെ തുക ബാങ്ക് അക്കൌണ്ടിൽ നിക്ഷേപിച്ചു. | നിലവിലുംആക്ടീവ് ആയി തുടരുന്നു |
| 2 | സി എ ഫിലിപ്പ്<br>101690227420, | 05-12-2019<br>വാർധക്യ കാലപെൻഷൻ | 7/2019 വരെ വിതരണം ചെയ്തു.<br>തുടർന്ന് മസ്റ്ററിങ്ങ് ഇല്ലാത്തതിനാൽ തടഞ്ഞ് വച്ചിരിക്കുന്നു | നിലവിലും ആക്ടീവ് ആയി തുടരുന്നു |

ഈ പെൻഷണർമാരുടെ പെൻഷൻ സസ്പെൻഡ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ച് അധികമായി അക്കൗണ്ടിലേക്ക് നൽകിയ തുക തിരികെ ഈടാക്കി അറിയിക്കേണ്ടതാണ്. ഓരോ പീരീഡിലും വിതരണം ചെയ്യപ്പെടുന്ന പെൻഷൻ തുകകൾ കൃത്യമായി ഗുണഭോക്താവിനു ലഭ്യമാകുന്നുണ്ടോ എന്നും മരണപ്പെടുന്നവരുടെ അക്കൗണ്ടുകൾ യഥാസമയം സസ്പെൻറ് ചെയ്യപ്പെടുന്നുണ്ടോ എന്നതും ഉറപ്പാക്കാതെ നിരുത്തരവാദപരമായാണ് നിലവിൽ പെൻഷൻ വിതരണം കൈകാര്യം ചെയ്യപ്പെടുന്നത് എന്ന് വ്യക്തമാണ്. പഞ്ചായത്ത് ഡയറക്ടറുടെ 28-9-19 ലെ സർക്കുലർ നം PAN/2021/2019-DBT-1(DP) പ്രകാരം പെൻഷണർ മരണപ്പെട്ടതായി സ്ഥാപനത്തിൽ അറിയുന്ന അവസരത്തിൽ തന്നെ അന്വേഷണം നടത്തി പെൻഷൻ റദ്ദു ചെയ്യേണ്ടതാണ് എന്ന് നിർദേശിച്ചിട്ടുള്ളതാണ്.

3. അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ 30-11-21ലെ ഓഡിറ്റ് എൻക്വയറി നം. 11 ന് ലഭ്യമാക്കിയ മറുപടി പ്രകാരം ചീഫ് രജിസ്ട്രാർ(ജനന-മരണം)-ന്റെ 19-10-2019ലെ B1-30277/2017 സർക്കുലർ പ്രകാരം മരണ രജിസ്ട്രേഷന് ആധാർ കാർഡ് നിർബന്ധമായി ഹാജരാക്കുന്നതിന് നിഷ്കർഷിക്കേണ്ടതില്ല എന്നും സ്വമേധയ ഹാജരാക്കുന്ന ആധാർ നമ്പറിന്റെ ആദ്യത്തെ 8 അക്കങ്ങൾ തിരിച്ചറിയാത്തവിധം മറയ്ക്കേണ്ടതാണ് എന്നും നിർദേശിച്ചിട്ടുള്ളതായും, ആയതിനാലാണ് മരണ രജിസ്ട്രേഷൻ ഫയലുകളിൽ ആധാർ നമ്പർ സൂക്ഷിക്കാത്തത് എന്നും അറിയിച്ചു. ഈ സാഹചര്യത്തിൽ മരണ രജിസ്ട്രേഷന്റെ അപേക്ഷകൾ അംഗീകരിക്കുന്നതിനു ശേഷം ഓരോ മരണത്തിനും മരണപ്പെട്ട ആൾ ക്ഷേമപെൻഷണർ ആണോ എന്ന് പരിശോധിക്കുന്നതിനായി പ്രത്യേക അന്വേഷണ റിപ്പോർട്ട് തയ്യാറാക്കേണ്ടതും പെൻഷണർ ആണെങ്കിൽ ഉടൻ തന്നെ പെൻഷൻ സസ്പെൻഡ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

4. 2019-20 വർഷം മരണപ്പെട്ടവരുടെ ലിസ്റ്റ് ഹാജരാക്കേണ്ടതും ഓരോ കേസിലും അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച തുടർ നടപടികൾ സഹിതം അറിയിക്കേണ്ടതാണ്.

5. പെൻഷൻ വൈകി സസ്പെൻഡ് ചെയ്യുന്ന കാര്യങ്ങളിൽ അധികമായി ബാങ്കിന് കൈമാറിയ തുക തിരികെ അടയ്ക്കുന്നു എന്ന് ഉറപ്പുവരുത്തുന്നതിന് ആവശ്യമായ നടപടി സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

6. ഈ വിഷയത്തിൽ ധനകാര്യ, ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റികളുടെയും പഞ്ചായത്ത് കമ്മിറ്റിയുടെയും അടിയന്തിരമായ പ്രത്യേക ശ്രദ്ധ ഉണ്ടാകേണ്ടതാണ്.

## 1-20 തൊഴിലുറപ്പ് പദ്ധതി - കരാറുകാരനിൽ നിന്ന് ജി.എസ്.ടി.- ടി.ഡി.എസ്. കുറവു ചെയ്തില്ല.

2019-20 വർഷത്തെ തൊഴിലുറപ്പ് പദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് മെറ്റീരിയൽ, ലേബർ എന്നിവ സപ്ലൈ ചെയ്യുന്നതിനായി റേറ്റ് കോൺട്രാക്ടിൽ ഏർപ്പെട്ടിട്ടുള്ളതായും തൻവർഷം ചെലവായ തുകയിൽ 25,11,591/- രൂപ ഈ ഇനങ്ങളിൽ ചെലവായിട്ടുള്ളതായും കാണുന്നു.

കോൺട്രാക്ടർമാർക്ക് നൽകിയ തുകയുടെ വിശദാംശങ്ങളും ജി.എസ്.ടി. കുറവു ചെയ്തിട്ടുണ്ട് എങ്കിൽ അതിന്റെ വിശദാംശങ്ങളും ആവശ്യപ്പെട്ടുകൊണ്ട് നൽകിയ 22-11-21 ലെ ഓഡിറ്റ് എൻക്വയറി നം.15ന് ലഭ്യമാക്കിയ മറുപടി പ്രകാരം താഴെ ചേർത്ത കരാറുകാരനുമായി ഏർപ്പെട്ട റേറ്റ് കോൺട്രാക്ട് പ്രകാരം വിവിധ പ്രവൃത്തികൾക്കായി മെറ്റീരിയൽ സപ്ലൈ ചെയ്ത വകയിൽ തൻവർഷം രണ്ടര ലക്ഷത്തിലധികം തുക കൈമാറിയിട്ടുണ്ട് എങ്കിലും ജി.എസ്.ടി. കുറവു ചെയ്തിട്ടില്ല.

| പേര് | നൽകിയ തുക | ജി.എസ്.ടി-ടി.ഡി.എസ് ചെയ്യേണ്ട തുക(2%) |
|---|---|---|
| വർഗീസ് എം ജെ | 10,02,838 | 20,057 |

കരാറുകാരനിൽ നിന്ന് തുക ഈടാക്കി വിശദാംശങ്ങളടക്കം അറിയിക്കേണ്ടതാണ്.

## 1-21 പ്രവൃത്തിയുടെ ലക്ഷ്യം വ്യക്തമല്ല

| | |
|---|---|
| പ്രവൃത്തി | പുത്തൂർപിള്ളി ചിറ നവീകരണം |
| കരാറുകാരൻ | പി. രമേശൻ |
| എം. ബുക്ക്. നം. | 741/18-19 |
| ബിൽ നം. | 16/5-4-19 , 51/29-7-19 |
| എസ്റ്റിമേറ്റ് തുക | 10,84,000/- |
| ചെലവഴിച്ച തുക | 8,44,248/- |
| ഫണ്ട് | ഡെവലപ്മെന്റ് ഫണ്ട് (ജനറൽ) |

ഈ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് പ്രകാരം 35 മീറ്റർ നീളത്തിൽ 3.4 മീറ്റർ ഉയരത്തിൽ കരിങ്കല്ല് ഉപയോഗിച്ച് സംരക്ഷണ ഭിത്തി നിർമ്മിക്കുകയും 60മീറ്റർ നീളത്തിൽ 30 വീതിയിൽ 0.50 മീറ്റർ താഴ്ചയിൽ മണ്ണ് മാറ്റുന്നതിനുമാണ് പ്രവൃത്തി. എന്നാൽ എം-ബുക്ക് പ്രകാരം 48.3 നീളത്തിൽ 1.5 മീറ്റർ ഉയരത്തിൽ സംരക്ഷണ ഭിത്തിയും 60മീറ്റർ നീളത്തിൽ 30 വീതിയിൽ 0.50 മീറ്റർ താഴ്ചയിൽ മണ്ണ് മാറ്റുകയും ചെയ്തിട്ടുണ്ട്. 900m3 മണ്ണ് കുഴിച്ചെടുത്തതിന് 2,21,400/- രൂപ ചെലവഴിച്ചിട്ടുണ്ട്. മണ്ണിന്റെ വിനിയോഗം എന്താണ് എന്ന് സാക്ഷ്യപെടുത്തിയിട്ടില്ല. ഈ സ്ഥലം നേരിൽ കണ്ട് പരിശോധിച്ചതിൽ കുളം മുഴവൻ പുല്ല് നിറഞ്ഞ് മൂടിയ അവസ്ഥയിലാണ്. മുൻ വർഷങ്ങളിലും ഈ കുളത്തിനായി ലക്ഷക്കണക്കിന് രൂപയാണ് ചെലവഴിച്ചിട്ടുള്ളത്. ഈ കുളം നവീകരിക്കുന്നതിന്റെ ആവശ്യകതയോ ഇതിന്റെ ആഴം വർദ്ധിപ്പിക്കേണ്ടതിന്റെ ആവശ്യകതയോ വ്യക്തമല്ല. ഈ കുളത്തിന് മുമ്പ് എത്ര ആഴമുണ്ടായിരുന്നു എന്നോ ഇപ്പോൾ നിലവിൽ എത്ര ആഴമുണ്ട് എന്നോ വ്യക്തമല്ല. ആയതിനാൽ കുഴിച്ചെടുക്കുന്ന മണ്ണിന്റെ അളവ് കണക്കാക്കാനും സാധ്യമല്ല.

ഇതുമായി ബന്ധപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ കുഴിച്ചെടുത്ത മണ്ണ് നിർദിഷ്ട പഞ്ചായത്ത് ബസ് സ്റ്റാന്റ് സ്ഥലത്ത് നിക്ഷേപിച്ചിട്ടുണ്ട് എന്ന് അറിയിച്ചിട്ടുണ്ട്. പ്രസ്തുത കുളം പ്രദേശവാസികൾ നല്ല രീതിയിൽ ഉപയോഗിക്കുന്നതിനാലാണ് ചെളി നീക്കം ചെയ്ത് സൈഡ് കെട്ടിയത് എന്നും മറുപടിയിൽ പറയുന്നു. കോവിഡ് പ്രതിസന്ധിയും ലോക്ഡൗൺ പ്രോട്ടോക്കോളും കാരണം ഇത് പൊതു ജനങ്ങൾ ഉപയോഗിക്കാത്തതിനാലാണ് പായലും പുല്ലും വളർന്നിരിക്കുന്നത് എന്നും മറുപടിയിൽ പറയുന്നു (ഓഡിറ്റ് എൻക്വയറി നം.13 തീയതി 30.11.2021).
മറുപടി അംഗീകരിക്കുന്നു. ഏതായാലും ഇത് ജനങ്ങൾക്ക് ഉപയോഗപ്രദമാക്കേണ്ടതാണ്.

## 1-22 കുഴിച്ചെടുത്ത മണ്ണിന്റെ വിനിയോഗം ലഭ്യമല്ല.

| | |
|---|---|
| പ്രവൃത്തി | സെന്റ് പാട്രിക് നാരിക്കുഴി റോഡ് നിർമാണം |
| കരാറുകാരൻ | ജെയ്സൻ |
| എം. ബുക്ക് നമ്പർ | 739/18-19 |
| ബിൽ നം. | 248/ 28-3-19 |
| എസ്റ്റിമേറ്റ് തുക | 35,74,000/- |
| ചെലവഴിച്ച തുക | 27,65,447/- |
| ഫണ്ട് | ഡെവലപ്മെന്റ് ഫണ്ട് (ജനറൽ) |

ഈ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് പ്രകാരം 730 മീറ്റർ നീളത്തിൽ 1.2 മീറ്റർ ഉയരത്തിൽ കരിങ്കല്ല് ഉപയോഗിച്ച് സംരക്ഷണ ഭിത്തിയും 160 മീറ്റർ റാമ്പ് നിർമിക്കുകയാണ് പ്രവൃത്തി. കൂടാതെ ഫൗണ്ടേഷനിൽ നിന്നും ലഭിക്കുന്ന മണ്ണ് 992m3 ഉപയോഗിച്ച് അവിടെ ഫില്ലിംഗ് ചെയ്യുന്നതിനും എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നു. എന്നാൽ എം-ബുക്ക് പ്രകാരം 440 മീറ്റർ നീളത്തിൽ 1.85 മീറ്റർ ഉയരത്തിൽ സംരക്ഷണ ഭിത്തിയും 190 മീറ്റർ നീളത്തിൽ റാമ്പും നിർമ്മിച്ചിട്ടുണ്ട്. ഫൗണ്ടേഷനിൽ നിന്നും 896m3 മണ്ണ് ലഭിച്ചിട്ടുണ്ട്. മണ്ണ് കുഴിച്ചെടുത്തതിന് 2,31,000/- രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ലഭിച്ച മണ്ണ് ഉപയോഗിച്ച് ഫില്ലിംഗ് നടത്തിയിട്ടില്ല. കുഴിച്ചെടുത്ത മണ്ണിന്റെ വിനിയോഗം എന്താണ് എന്ന് സാക്ഷ്യപ്പെടുത്തിയിട്ടില്ല.
ഇതുമായി ബന്ധപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ കുഴിച്ചെടുത്ത മണ്ണ് ഉപയോഗിച്ച് ഫില്ലിംഗ് ചെയ്തിട്ടുണ്ട് എന്നും കുഴിച്ചെടുത്ത മണ്ണ് ഉപയോഗിച്ച് മാത്രമാണ് ഫില്ലിംഗ് ചെയ്തത് എന്ന കാരണത്താലാണ് എം-ബുക്കിൽ ഫില്ലിംഗ് ചെയ്തിട്ടില്ല എന്ന് രേഖപ്പെടുത്തിയത് എന്നാണ് (എൻക്വയറി നം.12 തീയതി 30.11.2021).
ചെയ്ത പ്രവൃത്തികൾ എല്ലാം എം-ബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്.

## 1-23 കെൽട്രോണിൽ അടച്ച തുകയ്ക്കുള്ള പ്രിന്റർ ലഭിച്ചില്ല - ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പ്രൊജക്ടിന്റെ പേര് , പ്രൊജക്ട് നമ്പർ | VEO ഓഫീസിലേക്ക് കമ്പ്യൂട്ടർ, ഫർണീച്ചർ, കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ (39/21) |
| അടങ്കൽ | 1,50,000/- (MG NR) |
| ചെലവ് തുക | 14,851/- ( MG NR) |
| ട്രഷറി ബിൽ നം. / തീയതി. | 06/19-20 തീയതി. 22/02/2020 |

മഞ്ചപ്ര ഗ്രാമപഞ്ചായത്ത് വി.ഇ.ഒ (തവളപ്പാറ സർക്കിൾ) നിർവ്വഹണോദ്യോഗസ്ഥനായി 2019-20 സാമ്പത്തികവർഷത്തിൽ അംഗീകാരം വാങ്ങിയ “VEO ഓഫീസിലേക്ക് കമ്പ്യൂട്ടർ, ഫർണീച്ചർ, കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ" എന്ന പ്രൊജക്ടിന്റെ ഭാഗമായി ഫർണീച്ചർ വാങ്ങുന്നതിനായി ക്വട്ടേഷൻ നോട്ടീസ് പുറപ്പെടുവിച്ചതിന്റെ അടിസ്ഥാനത്തിൽ M/S നവീന ഫർണീച്ചേഴ്സ് എന്ന സ്ഥാപനം നല്കിയ 18,600/- രൂപയുടെ ക്വട്ടേഷൻ പഞ്ചായത്ത് കമ്മിറ്റി അംഗീകരിക്കുകയും, ആയത് പ്രകാരം കമ്പ്യൂട്ടർ ഫർണീച്ചറുകൾ 2020-21 സാമ്പത്തികവർഷം സ്പിൽ ഓവർ പ്രൊജക്ടായി വാങ്ങുകയും ചെയ്തിട്ടുണ്ട് ( പ്രൊ.നം. S139/21).

മേൽപ്പറഞ്ഞ പ്രൊജക്ടിന്റെ ഭാഗമായി 2019-2020 വർഷത്തിൽ A4 Multi Function Printer വാങ്ങുന്നതിനും കൂടി സി.പി.ആർ.സി.എസ് പോർട്ടൽ വഴി കെൽട്രോണിന് ഓർഡർ നല്കിയിരുന്നു. ( KELTRON Invoice No. 14450/ 24/01/2020). തുടർന്ന് ബിൽ നം. 06/19-20 തീയതി. 22/02/2020 മുഖേന 14851/ രൂപ ട്രഷറിയിൽ ബില്ല് നല്കി, കെൽട്രോണിന്റെ 799011400003959 എന്ന അക്കൗണ്ടിലേക്ക് ട്രാൻസ് ഫർ ചെയ്ത് നല്കിയിരുന്നു. എന്നാൽ 2019-2020 സാമ്പത്തികവർഷവും, അതിനുശേഷം 22/10/2020 വരെയും ടി പ്രിന്റർ കെൽട്രോൺ സപ്ലൈ ചെയ്തില്ല എന്ന് കാണിച്ച് VEO KelTron ലേക്ക് കത്തയിച്ചിട്ടുണ്ട്.

ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണം നം.18/01-12-21 ന് വി.ഇ.ഒ മറുപടി നല്കുകയുണ്ടായി.22/02/2020 ൽ കെൽട്രോണിന് പ്രിന്റർ സപ്ലൈ ചെയ്യുന്നതിനായി മുൻകൂറായി 14851/ രൂപ നൽകിയെങ്കിലും, ഉൽപ്പന്നത്തിന്റെ ദൗർലഭ്യം മൂലം ഇത്

നല്കുവാൻ കെൽട്രോണിന് കഴിയാതെവരികയും, CPRCS തുക തിരികെനല്കാൻ തയ്യാറാണെന്ന് അറിയിക്കുയും ചെയ്തതിനെത്തുടർന്നാണ് 22/10/2020ൽ തുക പഞ്ചായത്ത് അക്കൗണ്ടിലേക്ക് തിരിയെ നല്കുവാനായി അക്കൗണ്ട് നമ്പർ സഹിതം കത്തുനല്കിയത്. എന്നാൽ കെൽട്രോൺ തുക നലകാതിരുന്നതിനെത്തുർന്ന് 09/02/2021 ലും കെൽട്രോണിന് കത്തയച്ചു. തുടർന്ന് നടത്തിയ അന്വേഷണത്തിൽ കെൽട്രോൺ തുക അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തെങ്കിലും അക്കൗണ്ട് നമ്പർ മാറിപ്പോയതിനെത്തുർന്ന് തുക പഞ്ചായത്ത് അക്കൗണ്ടിൽ വന്നില്ല. ടി തുക റിട്രീവ് ചെയ്യാനുള്ള പ്രോസസ്സ് പൂർത്തിയാക്കി തുക എത്രയും പെട്ടെന്ന് തിരികെ നല്കുവാൻ ആവശ്യപ്പെട്ടിട്ടുണ്ടെന്ന് വി.ഇ.ഒ മറുപടിയിൽ വിശദീകരിച്ചിട്ടുണ്ട്. തുക ലഭ്യമായാലുടൻ ഓഡിറ്റിനെ അറിയിക്കുന്നതാണെന്നും വി.ഇ.ഒ. വ്യക്തമാക്കിയിട്ടുണ്ട്.

മേൽസാഹചര്യത്തിൽ താഴെപ്പറയുന്ന നടപടികൾ പൂർത്തിയാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1) കെൽട്രോൺ 14,851/- രൂപ തിരികെ നല്കുമ്പോൾ ടി തുക മെയിന്റനൻസ് ഗ്രാന്റ് ( റോഡിതരം ) ഫണ്ടായതിനാൽ ജി.ഒ.(പി) 177/2006/Fin Dtd. 12.06.2006 ഉത്തരവിൽ നിഷ്കർഷിച്ചിരിക്കുന്ന പ്രകാരം ടി തുക കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് തിരികെ അടയ്ക്കേണ്ടതാണ്.

2) പഞ്ചായത്തിന്റെ പദ്ധതി പ്രവർത്തനങ്ങളിൽ ചെറുതല്ലാത്ത പങ്ക് വഹിക്കുന്ന വി.ഇ.ഒ ഓഫീസിന്റെ അടിസ്ഥാന സൗകര്യവികസനത്തിന്റെ ഭാഗമായാണ് പ്രിന്ററുകളും , കമ്പ്യൂട്ടറുകളും ഉൾപ്പെടെയുള്ള സാങ്കേതികസൗകര്യങ്ങൾ നല്കുന്നത് എന്നതിനാൽ, തീർത്തും സാങ്കേതികകാരണങ്ങളാൽ ടി ഓഫീസിന് ലഭിക്കാതെ പോയ കമ്പ്യൂട്ടറുകളും, പ്രിന്റുകളും വാങ്ങി നല്കാനായി പ്രൊജക്ട് ആവിഷ്കരിച്ച് അടുത്ത വർഷങ്ങളിലെ പദ്ധതികളിൽ ഉൾപ്പെടുത്തി വി.ഇ.ഒ. ഓഫീസിന് ആവശ്യമായ ഭൗതികസൗകര്യങ്ങൾ ചെയ്തുകൊടുക്കുന്നതിന് പഞ്ചായത്ത് ഭരണസമിതി സത്വര ശ്രദ്ധ ചെലുത്തേണ്ടതാണ്.

കെൽട്രോണിൽ നിന്ന് **14,851/- രൂപ** തിരികെ ലഭിക്കുന്നതുവരെ ടി തുകയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-24 ഡെപ്പോസിറ്റ് പ്രവൃത്തികൾ- വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല- ചെലവ് തുക തടസ്സപ്പെടുത്തുന്നു.

2019-2020 സാമ്പത്തിക വർഷം കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് , കേരള വാട്ടർ അതോറിറ്റി എന്നീ സ്ഥാപനങ്ങളിൽ താഴെപ്പറയും പ്രകാരം തുക നിക്ഷേപിച്ചിട്ടുണ്ട്.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | സ്ട്രീറ്റ് ലൈൻ നീട്ടൽ | 08-11/2019 | 69508 | 0 | 69508 |
| | CFL- തെരുവ് വിളക്ക് സ്ഥാപിക്കൽ | 17-12/2019 | 7053 | 0 | 7053 |
| | സ്ട്രീറ്റ് ലൈൻ നീട്ടൽ | 04-02/2020 | 10330 | 0 | 10330 |
| കേരള വാട്ടർ അതോറിറ്റി | വിവിധ വാർഡുകളിൽപൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 21900597 | 350000 | 0 | 350000 |
| | **ആകെ** | | **436891** | | **436891** |

മേൽപ്പറഞ്ഞ പ്രകാരം നിക്ഷേപിക്കപ്പെട്ട തുക ബന്ധപ്പെട്ട പ്രൊജക്ടുകൾക്കായി ചെലവഴിക്കപ്പെട്ടതായുള്ള വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകുന്നതുവരെ ആകെ നിക്ഷേപിച്ച ചെലവ് തുക **4,36,891**/- രൂപ തടസ്സപ്പെടുത്തുന്നു.

# ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

# ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

# ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2019-20 ഓഡിറ്റിന്റെ ഭാഗമായാണ് അക്കൗണ്ട്സ് പരിശോധന നടത്തിയിട്ടുള്ളത് | | |

## 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | തൻവർഷം ലഭിച്ച തുക | പ്രൊജക്റ്റിന്റെ പേര് | 2019-20 | നീക്കിയിരുപ്പ് |
|---|---|---|---|---|---|

| | | | | ചെലവ് | |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 106706 | ലൈഫ് ഭവന പദ്ധതി-ജനറൽ | 106706 | 0 |
| | 2019-20 | 375000 | ശാരീരിക-മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള പഠനസഹായം | 375000 | 0 |
| | **ആകെ** | **375000** | | **481706** | **0** |
| ജില്ലാ പഞ്ചായത്ത് | 2019-20 | 148750 | നെൽക്കൃഷിക്ക് കൂലിച്ചെലവ് സബ്സിഡി | 148750 | 0 |
| | 2019-20 | 110000 | ലൈഫ് ഭവന പദ്ധതി-ജനറൽ | 110000 | 0 |
| | 2019-20 | 400000 | ലൈഫ് ഭവന പദ്ധതി- ഭൂരഹിതർക്ക് ഭൂമി വാങ്ങൽ | 400000 | 0 |
| | **ആകെ** | **658750** | | **658750** | **0** |

മുൻവർഷങ്ങളിൽ ജില്ലാ -ബ്ലോക്ക് പഞ്ചായത്തുകളിൽ നിന്ന് ലഭിച്ച സംയുക്ത പ്രൊജക്ടുകൾക്കുവേണ്ടി ലഭിച്ച ഫണ്ട് പഞ്ചായത്തിന്റെ ജോയിന്റ് വെൻച്വർ അക്കൗണ്ടിൽ 01.04.2019ൽ മുന്നിരിപ്പായുണ്ടായിരുന്നു. അതിൽ നിന്ന് ചെലവഴിച്ച തുക കഴിച്ച് 31.03.2019ൽ ബാക്കി നിൽക്കുന്ന തുകയുടെ വിവരം താഴെപ്പറയുന്നു.

| | | 2019-20 വരവ് | | | | ചെലവ് | | | | നീക്കിയിരുപ്പ് | |
|---|---|---|---|---|---|---|---|---|---|---|---|
| | മുൻവർഷങ്ങളിലെ മുന്നിരുപ്പ് | RP-31 | RP-7 | ആകെ വരവ് | ആകെ വരവ് ( OB+ RTS) | TSB A/C ൽ നിന്ന് ചെലവഴിച്ചത് | നേരിട്ട് ചെലവഴിച്ചത് RP-7 | ആകെ ചെലവ് | ആകെ ചെലവ് | അക്കൗണ്ടിൽ നിന്ന് ചെലവഴിച്ചതിൽ ബാക്കി B4 ഷെഡ്യൂൾ പ്രകാരം | നേരിട്ട് ചെലവഴിച്ചത് ബാക്കി |
| ബ്ലോക്ക് പഞ്ചായത്ത് | 211706 | 1900000 | 375000 | 2275000 | **2486706** | 106706 + 105000 | 375000 | 481706 + 105000 | **375000 + 105000 + 106706** | 1900000 | 0 |
| ജില്ലാ പഞ്ചായത്ത് | 0 | 0 | 658750 | 658750 | **658750** | 0 | 658750 | 658750 | **658750** | 0 | 0 |

മുൻവർഷങ്ങളിൽ ബ്ലോക്ക് പഞ്ചായത്തിൽ നിന്ന് ലഭിച്ച ഫണ്ടിൽ 01.04.2019 ൽ മുന്നിരിപ്പുണ്ടായിരുന്ന 2,11,706/- രൂപയിൽ 106,706/- ചെലവ് കഴിച്ച് ബാക്കിയുണ്ടായിരുന്ന 1,05,000/-രൂപ ബ്ലോക്ക് പഞ്ചായത്തിലേക്ക് തിരിച്ചടച്ചു.

## 4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | സ്ട്രീറ്റ് ലൈൻ നീട്ടൽ | 08-11/2019 | 69508 | 0 | 69508 |
| | CFL- തെരുവ് വിളക്ക് സ്ഥാപിക്കൽ | 17-12/2019 | 7053 | 0 | 7053 |
| | സ്ട്രീറ്റ് ലൈൻ നീട്ടൽ | 04-02/2020 | 10330 | 0 | 10330 |
| | ആകെ | | 86891 | 0 | 86891 |
| കേരള വാട്ടർ അതോറിറ്റി | വിവിധ വാർഡുകളിൽപൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 21900597 | 350000 | 0 | 350000 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

**ഇല്ല.**

## 4-5 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 10,60,500/- വരവുണ്ട്. മുൻബാക്കി 175/-രൂപയടക്കം ആകെ 10,60,675/- രൂപ വിനിയോഗിച്ചിട്ടുണ്ട്. 2018-19 കാലഘട്ടത്തിലാണ് ലൈഫ് ഭവനപദ്ധതിക്കുവേണ്ടി ഗ്രാമപഞ്ചായത്ത് വായ്പയെടുത്തത്. രണ്ട് ഘട്ടങ്ങളിലായി 54,37,145/- രൂപ വായ്പ തുക പഞ്ചായത്തിന് ലഭിച്ചു. അതിൽ 54,36,970/- രൂപ വിവിധ ഗഡുക്കളായി ഗുണഭോക്താക്കൾക്ക് നല്കി. ഇതിൽ 175/- രൂപ ഗുണഭോക്താവിന് നല്കാൻ കഴിയാതെ വന്നപ്പോൾ ടി തുക തിരിച്ചടച്ചു. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര് / ഉദ്ദേശ്യം | ഉത്തരവ് നമ്പർ | വായ്പാ തുക | വർഷാരംഭത്തിൽ തിരിച്ചടക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി | GO(MS)111/2018/LSGD തീയതി 13.08.2018 | --- | 54,36,970 | 6,02,941 | --- | 48,34,029 |
| ഇ.എം.എസ്. ഭവന പദ്ധതി | GO(Rt)330/2010/LSGD തീയതി 18.02.2010 | 81,82,500 | 94,405 | 94,405 | --- | 0 |

## 4-6 സ്ഥിരനിക്ഷേപങ്ങൾ

**ഇല്ല.**

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 200/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് | ഭാഗം/ | ഈടാക്കിയ | ഒടുക്കിയ ആളുടെ | രശീത് നമ്പർ |
|---|---|---|---|---|

| വർഷം | ഖണ്ഡിക | തുക | പേരും ഉദ്യോഗപ്പേരും | തിയ്യതി |
|---|---|---|---|---|
| 2018-19 | 2-1(1) | 200 | റെന്നി പാപ്പച്ചൻ സൂര്യ ഫൈനാൻസ് | 119020100923/14.6.19 |

ഓഡിറ്റ് റിക്കവറിയിനത്തിൽ ഈടാക്കിയ തുക പ്രിയോർ പിരിയഡ് ഇൻകത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ആയത് പരിശോധിച്ച് ബോധ്യപ്പെട്ടിട്ടുണ്ട്.

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 - വകുപ്പുപ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1997-1998 | 52 | 2000-01 | IV-57(D) | വള്ളിക്കത്തോട് - കോഴികുളം റോഡ് സൈഡ് കെട്ടൽ | തുക ഈടാക്കുന്നതിന് ആർ.ആർ. നടപടി സ്വീകരിച്ചിട്ടുണ്ട്. |

## 4-9 ചാർജ് / സർചാർജ് നടപടികളുടെ വിവരം

**ഇല്ല.**

## 4-10 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 4,98,54,619 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 5,14,13,468 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ളനഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | - |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 4,51,742 |

**(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

**ഇല്ല.**

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും | ഉത്തരവാദിയായ ആളുടെ പേരും മേൽവിലാസവും |
|---|---|---|---|
| 1-23 | 14,851 | ശ്രീമതി.അമ്പിളി കെ.എം.<br>വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, തവളപ്പാറ സർക്കിൾ മഞ്ഞപ്ര ഗ്രാമപഞ്ചായത്ത് | വാളൂപ്പിള്ളിക്കുടി (H)<br>ശ്രീമൂലനഗരം പി.ഒ.<br>എറണാകുളം |
| 1-24 | 4,36,891 | അബ്ദുൾ ഹക്കീം യു.<br>സെക്രട്ടറി മഞ്ഞപ്ര ഗ്രാമപഞ്ചായത്ത് | സുഹൈൽ മൻസിൽ, ചന്തപ്പുര, വടക്കഞ്ചേരി പി.ഒ. പാലക്കാട് ജില്ല |
| ആകെ | 4,51,742 | | |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നം | ഈടാക്കേണ്ടിയിരുന്ന വരുമാന നികുതി | ഈടാക്കേണ്ടിയിരുന്ന ജി.എസ്.ടി | ഉത്തരവാദിയായ ഉദ്യോഗസ്ഥൻ/ ഔദ്യോഗിക നാമം |
|---|---|---|---|
| 1-20 | | 20,057/- | അബ്ദുൾ ഹക്കീം യു., സെക്രട്ടറി, മഞ്ഞപ്ര ഗ്രാമപഞ്ചായത്ത് |

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

**ഇല്ല.**

**(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ**

**ഇല്ല.**

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഓഡിറ്റ് റിപ്പോർട്ട് നമ്പരും തീയതിയും |
|---|---|
| 1996-97 | എൽ.എഫ്.ഇ.(പി3)716/98 - 14.10.1998 |
| 1997-98 | എൽ.എഫ്.ഇ.(പി4)210/00 - 01.12.2000 |
| 1998-99 | എൽ.എഫ്.ഇ.(പി4)1210/04 - 05.03.2005 |
| 1999-00 | എൽ.എഫ്.ഇ.(പി4)1221/04 - 11.03.2005 |

| | |
|---|---|
| 2000-01 | എൽ.എഫ്.ഇ.(പി4)441/05 - 07.10.2005 |
| 2001-02 | എൽ.എഫ്.ഇ.(പി4)78/04 - 21.01.2007 |
| 2002-03 | എൽ.എഫ്.ഇ.(പി4)1427/08 -20.03.2009/30.11.2009 |
| 2003-04 | എൽ.എഫ്.ഇ.(പി4)1428/08 - 20.03.2009/30.11.2009 |
| 2004-05 | എൽ.എഫ്.ഇ.(പി4)1429/08 – 20.03.2009/30.11.2009 |
| 2005-06 | എൽ.എഫ്.ഇ.(പി4)1430/08 – 20.03.2009/30.11.2009 |
| 2006-07 | എൽ.എഫ്.ഇ.(പി4)1431/98 – 20.03.2009/30.11.2009 |
| 2007-08 | എൽ.എഫ്.ഇ.(പി4)1079/09 - 20.01.2010 |
| 2008-09 | എൽ.എഫ്.ഇ.(പി4)1586/12 - 14.09.2012/12.12.2012 |
| 2009-10 | എൽ.എഫ്.ഇ.(പി4)1792/10 - 05.08.2011/11.10.2011 |
| 2010-11 | എൽ.എഫ്.ഇ.(പി4)1586/12 - 14.09.2012/12.12.2012 |
| 2011-12 & 2012-13 | എൽ.എഫ്.ഇ.(പി4)1335/14 - 13.10.2014/14.11.2014 |
| 2013-14 & 2014-15 | കെ.എസ്.എ.ഇ.കെ.എം(പി4എ) 1001/2016 - 27.06.2016 |
| 2015-16 | കെ.എസ്.എ.ഇ.കെ.എം(പി4) 2204/2016 – 24.12.2016 |
| 2016-17 | കെ.എസ്.എ.ഇ.കെ.എം(പി4) 1814/2017 – 16.09.2017 |
| 2017-18 | കെ.എസ്.എ.ഇ.കെ.എം(പി4) 151/2019 – 19.03.2019 |
| 2018-19 | കെ.എസ്.എ.ഇ.കെ.എം(പി4) 1207/2019 – 05.09.2019 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം

**അനുബന്ധം-1**

**ഓഡിറ്റ് സാക്ഷ്യപത്രം**

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എറണാകുളം ജില്ലയിലെ മഞ്ഞപ്ര ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

എറണാകുളം ജില്ലയിലെ മഞ്ഞപ്ര ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്